# വനാവകാശ നിയമം
# വയനാട് ജില്ലയിൽ

## നീതിവേദി

രജി. നമ്പർ 711/2003
സുധിക്കവല, കാക്കവയൽ പി.ഒ,
കൽപ്പറ്റ നോർത്ത്, വയനാട് ജില്ല, കേരളം-673 122
ഫോൺ 04936-246788
ഇമെയിൽ- neethivedhi@gmail.com
വെബ്- www.neethivedhi.org

## നന്ദിയോടെ

വയനാട് ജില്ലയിൽ വനാവകാശ നിയമം നടപ്പിലാക്കിയത് സംബന്ധിച്ച പ്രവർത്തനാധിഷ്ഠിത പഠനത്തിന് സാമ്പത്തിക സഹായം നൽകിയ മെൻസെൻ മെത്ത് ഈൻ മിസ്സി (Mensen met een Missie) എന്ന സംഘടനയ്ക്ക് ഞങ്ങളുടെ നന്ദിയും കടപ്പാടും അറിയിക്കുന്നു.

വനാവകാശ അപേക്ഷ സമർപ്പിച്ച ആദിവാസികളെയും വനാവകാശ കമ്മറ്റി അംഗങ്ങളെയും കേന്ദ്രീകരിച്ച വിവരശേഖരണം നടത്താനുള്ള അനുവാദവും മാർഗ്ഗ നിർദ്ദേശങ്ങളും നൽകിയ മുൻ ജില്ലാ കളർക്ടർ ശ്രീ.കേശവേന്ദ്രകുമാർ ഐ.എ.എ സിനും, ഐ. റ്റി. ഡി. പി. പ്രൊജക്ട് ഓഫീസർ, പട്ടികവർഗ്ഗ ഉദ്യോഗസ്ഥർ, പ്രൊമോ ട്ടർമാർ എന്നിവർക്കും ഞങ്ങളുടെ നന്ദി.

ഊരുകൾ സന്ദർശിച്ച് വിവരങ്ങൾ ശേഖരിക്കാൻ വളരെയധികം പ്രയത്നിച്ച നീതിവേദി പാരാ ലീഗൽ പ്രവർത്തകർക്കും ആദിവാസി ഊരുകളിൽ നിന്നുള്ള നിയമ സന്നദ്ധ പ്രവർത്തകർക്കും ആദിവാസി ജീവിതവും മൂല്യങ്ങളും മനസ്സിലാക്കുന്നതി നായി നീതിവേദിയോടൊപ്പം ഉണ്ടായിരുന്ന കോളേജ് വിദ്യാർത്ഥികൾക്കും നന്ദി അറിയിക്കുന്നു.

പഠനത്തിലുടനീളം മാർഗ്ഗ നിർദ്ദേശങ്ങളും സഹായവും നൽകിയ നീതിവേദി ഗവേർണിംഗ് ബോഡി അംഗങ്ങൾ, ഓഫീസ് സ്റ്റാഫംഗങ്ങൾ, വിവരങ്ങൾ ക്രോഡീകരിച്ച ഡോക്യുമെന്റേഷൻ ഓഫീസർ ബിജു ജോസ് എന്നിവരെ നന്ദിപൂർവ്വം ഓർക്കുന്നു.

ആദിവാസികളുടെ ഭൂമി, ഭൂമിയുടെ രേഖ, വനവിഭവങ്ങളുടെ ശേഖരണം തുട ങ്ങിയ അവകാശങ്ങൾ സംബന്ധിച്ച തീരുമാനങ്ങളെടുക്കാനും നടപടികൾ ആവിഷ്ക്കരി ക്കാനും ചുമതലപ്പെട്ട എല്ലാവർക്കും ഈ പഠനം ഉപകാരപ്രദമാകുമെന്ന പ്രതീക്ഷ യോടെ,

നന്ദിപൂർവ്വം,

**അഡ്വ. ഫാ. സ്റ്റീഫൻ മാത്യു**
ഡയറക്ടർ, നീതിവേദി

# ഉള്ളടക്കം


**അദ്ധ്യായം 1 – ആമുഖം** 4

1.1 പഠന വിഷയം

1.2 പഠനത്തിന്റെ ആവശ്യകത

1.3 പഠന ലക്ഷ്യങ്ങൾ

1.4 സാങ്കൽപ്പിക സിദ്ധാന്തം

**അദ്ധ്യായം 2 – ഗവേഷണ പഠനം** 6

2.1 ചോദ്യാവലി തയ്യാറാക്കൽ

2.2 പഠന രീതി

2.3 പഠന പരിധി

2.4 പഠനത്തിന്റെ ഘടകം

2.5 വിവരശേഖരണം

2.6 ഫോക്കസ് ഗ്രൂപ്പ് ചർച്ചകൾ

2.7 പഠനത്തിന്റെ പരിമിതികൾ

**അദ്ധ്യായം 3 – വിവര വ്യാഖ്യാനവും വിശകലനവും** 8

**അദ്ധ്യായം 4 – പഠനത്തിലെ പ്രധാന കണ്ടെത്തലുകൾ** 20

**അദ്ധ്യായം 5 – ഫോക്കസ് ഗ്രൂപ്പ് ചർച്ചകൾ** 22

**അദ്ധ്യായം 6 – ശുപാർശകൾ (*Recommendations*)** 25

**അനുബന്ധം : ചോദ്യാവലി** 28

# അദ്ധ്യായം 1

# ആമുഖം

കേരളത്തിലെ ആദിവാസികൾ, സ്ത്രീകൾ, കുട്ടികൾ എന്നിവരുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനും അവരുടെ ശാക്തീകരണ ശ്രമങ്ങളിൽ നിയമസഹായവും പിന്തുണയും നൽകുന്നതിനും വേണ്ടി 2003 മുതൽ വയനാട് ജില്ലയിലെ കൽപ്പറ്റ കേന്ദ്രമായി പ്രവർത്തിച്ചുവരുന്ന മനുഷ്യാവകാശ സംരംഭമാണ് നീതിവേദി.

ഭരണഘടന വാഗ്ദാനം ചെയ്യുന്ന പൗരന്റെ അവകാശങ്ങളാണ് വാസയോഗ്യമായ ജീവിത സാഹചര്യവും സമൂഹത്തിലുള്ള തുല്യതയും. വയനാട് ജില്ലയിലെ ആദിവാസികളുടെ പിന്നോക്കാവസ്ഥ പ്രധാനമായും ഭൂമിയുമായി ബന്ധപ്പെട്ട് കിടക്കുന്നു. ഭൂമിയെ ദൈവമായും അമ്മയായും കാണുകയും ബഹുമാനിക്കുകയും ചെയ്ത് ജീവിച്ചുവന്ന ഒരു സമൂഹമാണ് ആദിവാസികൾ. തലമുറകളായി വനത്തെ ആശ്രയിച്ച് കഴിഞ്ഞ ആദിവാസി സമൂഹം അളന്ന് തിട്ടപ്പെടുത്തിയോ അതിരുകൾ തിരിച്ച് വേലി കെട്ടിയോ തങ്ങളുടെ ഭൂമിയെ വിഭജിച്ചിരുന്നില്ല. തങ്ങളുടെ ഭൂമിയിലുള്ള അവകാശം സ്ഥിരീകരിക്കാൻ ആവശ്യമായ രേഖകളും ഉണ്ടായിരുന്നില്ല. ആദിവാസി ഭൂമിയിലേക്കുള്ള അധിനിവേശവും കൈകടത്തലും തടയാൻ അതുകൊണ്ടുതന്നെ എളുപ്പമായിരുന്നില്ല. ആവശ്യത്തിന് ഭൂമിയില്ലാത്തതിനാൽ വാസയോഗ്യമായ വീട് നിർമ്മിക്കാനോ ഉപജീവനത്തിനായി കൃഷി ചെയ്യാനോ ആദിവാസികൾക്ക് കഴിയാറില്ല. ആദിവാസികൾക്ക് ഭൂമി നൽകുന്നതിനു വേണ്ടിയുള്ള നിയമങ്ങളും ഉത്തരവുകളും വേണ്ടത്ര ഫലപ്രദമായില്ല എന്നതാണ് സത്യം.

### *1.1 പഠന വിഷയം*

**വയനാട് ജില്ലയിൽ വനാവകാശ നിയമം നടപ്പിലാക്കിയത്** സംബന്ധിച്ച ഗവേഷണ പഠനം.

### *1.2 പഠനത്തിന്റെ ആവശ്യകത*

വയനാട് ജില്ലയിലെ ആദിവാസികളിൽ ഭൂരിഭാഗവും സാമൂഹിക സാമ്പത്തിക വിദ്യാഭ്യാസ മേഖലകളിൽ പിന്നോക്കം നിൽക്കുന്നവരാണ്. ഇവരുടെ ഈ അവസ്ഥയ്ക്ക് പ്രധാന കാരണം സ്വന്തമായി ഭൂമിയില്ല എന്നതാണ്. വയനാട് ജില്ലയിലെ ഭൂരഹിതരായ ആദിവാസികളുടെ എണ്ണം 8000 ൽ അധികമാണ്. സ്വന്തമായി ഭൂമിയില്ലാത്തതുകൊണ്ട് വാസയോഗ്യമായ വീട് നിർമ്മിക്കാനോ കക്കൂസ് ഉണ്ടാക്കാനോ കൃഷി ചെയ്യാനോ നല്ല കുടിവെള്ളം ലഭിക്കാനോ മൃതശരീരങ്ങൾ ആചാരക്രമമനുസരിച്ച് മറവ് ചെയ്യാനോ പലർക്കും കഴിയുന്നില്ല. കുട്ടികൾക്ക് പഠിക്കാനുള്ള നല്ല അന്തരീക്ഷം സൃഷ്ടിക്കാൻ സാധിക്കാത്തതിനും ഇതൊരു പ്രധാന കാരണമാണ്. ഉപജീവനത്തിനായി വനത്തെ ആശ്രയിക്കുന്ന ഇവർക്ക് വനത്തിൽ പ്രവേശിക്കാനോ വനവിഭവങ്ങൾ

ശേഖരിക്കാനോ പലപ്പോഴും അനുമതി ലഭിക്കാറില്ല. വനാവകാശ നിയമത്തിന്റെ പരിരക്ഷകൾ ഉണ്ടായിട്ടും ശരിയായ രീതിയിൽ നിയമം നടപ്പിലാക്കാത്തതുകൊണ്ട് ഈ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കാൻ ജില്ലാ ഭരണകൂടത്തിനോ ചുമതലപ്പെട്ട വനാവകാശ കമ്മറ്റികൾക്കോ സാധിച്ചിട്ടില്ലായെന്ന വസ്തുത സർക്കാരിന്റെ മുമ്പിൽ എത്തിക്കുന്നതിന ഇത്തരം പഠനങ്ങൾ ആവശ്യമായിരിക്കുന്നു. വനാവകാശ നിയമം, നിയമ പരിരക്ഷ ലഭ്യമാക്കേണ്ട പ്രക്രിയ, വനാവകാശ കമ്മറ്റിയുടെ ചുമതല എന്നിവ സംബന്ധിച്ച് വനാവകാശ കമ്മറ്റി അംഗങ്ങൾ ഉൾപ്പെടെയുള്ള ആദിവാസികൾക്കുള്ള അവബോധം, നിയമം നടപ്പിലാക്കിയതിൽ കണ്ടെത്തിയ പോരായ്മകൾ, ജില്ലയിൽ കൂടുതൽ കാര്യക്ഷമമായി നിയമം നടപ്പിലാക്കാനുള്ള നിർദ്ദേശങ്ങൾ എന്നിവ പഠനത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ജില്ലയിൽ വനാവകാശ നിയമം ശരിയായി നടപ്പിലാക്കുന്നുവെന്ന് ഉറപ്പാക്കാൻ ഉത്തരവാദിത്വപ്പെട്ട ജില്ലാ ഭരണകൂടത്തെയും വിവിധ വകുപ്പുകളെയും വനാവകാശ കമ്മറ്റികളെയും പ്രേരിപ്പിക്കുന്നതിനു വേണ്ടിയാണ് ഈ പ്രവർത്തനാധിഷ്ഠിത ഗവേഷണ പഠനം നടത്തിയത്.

### *1.3 പഠന ലക്ഷ്യങ്ങൾ*

1. വനാവകാശ നിയമത്തെക്കുറിച്ച് ജില്ലയിലെ ഗുണഭോക്താക്കളായ ആദിവാസികൾക്കുള്ള അറിവ് മനസ്സിലാക്കുക.
2. വനാവകാശ നിയമപ്രകാരമുള്ള അവകാശങ്ങൾക്കുവേണ്ടിയുള്ള നടപടിക്രമങ്ങൾ എത്രമാത്രം സുതാര്യവും ഫലപ്രദവുമായിരുന്നെന്ന് മനസ്സിലാക്കുക.
3. അർഹതപ്പെട്ട ഗുണഭോക്താക്കൾക്ക് ലഭിച്ച ഭൂമി, കൈവശരേഖ, പ്രയോജനം, നേരിടേണ്ടി വന്ന പ്രശ്നങ്ങൾ എന്നിവ സംബന്ധിച്ച് വ്യക്തത ലഭിക്കുക
4. നിയമം കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് ആദിവാസി സമൂഹം നൽകുന്ന നിർദ്ദേശങ്ങൾ ചുമതലപ്പെട്ടവരിലേക്ക് എത്തിക്കുക.

### *1.4 സാങ്കൽപ്പിക സിദ്ധാന്തം*

വനാവകാശ നിയമത്തിന്റെ പരിരക്ഷ വയനാട് ജില്ലയിലെ പട്ടികവർഗ്ഗ വിഭാഗത്തിലെ അർഹതപ്പെട്ട എല്ലാവർക്കും ലഭിച്ചിട്ടില്ല.

# അദ്ധ്യായം - 2

## ഗവേഷണ പഠനം

### *2.1 ചോദ്യാവലി തയ്യാറാക്കൽ*

വനാവകാശങ്ങൾ ലഭിക്കാൻ അർഹതയുള്ളവരിൽ നിന്നും വിവരങ്ങൾ ശേഖരിക്കുന്നതിനായി 25 ചോദ്യങ്ങളും ഓരോ പ്രദേശത്തെയും വനാവകാശ കമ്മറ്റി അംഗങ്ങളിൽ നിന്നുള്ള വിവരശേഖരണത്തിനായി 30 ചോദ്യങ്ങളും ഉൾക്കൊള്ളിച്ചുകൊണ്ടുള്ള രണ്ട് വ്യത്യസ്ത ചോദ്യാവലികളാണ് പഠനത്തിൽ ഉപയോഗിച്ചിരിക്കുന്നത്.

### *2.2 പഠന രീതി*

വിവരണാത്മക ഗവേഷണ പഠന രീതിയാണ് അവലംബിച്ചിരിക്കുന്നത്. ജില്ലയിൽ രൂപീകരിച്ച വനാവകാശ കമ്മറ്റികളുടെ പരിധിയിലുള്ള ഊരുകളിലെ ഗുണഭോക്താക്കളിൽ നിന്നും വനാവകാശ കമ്മറ്റി അംഗങ്ങളിൽ നിന്നുമാണ് പട്ടികവർഗ്ഗ പ്രൊമോട്ടർമാരുടെ സഹായത്തോടെ നീതിവേദി പ്രവർത്തകർ നേരിട്ട് വിവരങ്ങൾ ശേഖരിച്ചിട്ടുള്ളത്.

### *4.3 പഠന പരിധി*

വയനാട് ജില്ലയിലെ മാനന്തവാടി, ബത്തേരി, കൽപ്പറ്റ, പനമരം എന്നീ ബ്ലോക്കുകളിലെ 16 പഞ്ചായത്തുകളിൽ നിന്നുമുള്ള 107 വനാവകാശ കമ്മറ്റികളുമായ ബന്ധപ്പെട്ട ഊരുകളാണ് പഠനത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

### *4.4 പഠനത്തിന്റെ ഘടകം*

വിവരാവകാശ നിയമപ്രകാരം ലഭിച്ച രേഖയുടെ അടിസ്ഥാനത്തിൽ വനാവകാശ കമ്മറ്റികൾ നിലവിലുള്ള ഊരുകളിലെ 1850 പേരിൽ നിന്നും 78 വനാവകാശ കമ്മറ്റികളിലെ അംഗങ്ങളിൽ നിന്നും ശേഖരിച്ച വിവരങ്ങളാണ് പഠനത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

### *4.5 വിവരശേഖരണം*

പഠനത്തിന്റെ ഭാഗമായി വിവരാവകാശ നിയമ പ്രകാരം ജില്ലയിലെ ഓരോ പഞ്ചായത്തിലുമുള്ള വനാവകാശ കമ്മറ്റികൾ, അപേക്ഷകർ, നൽകിയ അപേക്ഷകളുടെ നിജസ്ഥിതി തുടങ്ങിയ വിവരങ്ങൾ നീതിവേദി ശേഖരിച്ചിരുന്നു. 2016 ജൂലൈ മാസത്തിൽ നീതിവേദിയിലെ പാരാലീഗൽ പ്രവർത്തകർക്കും ആദിവാസി ജീവിതത്തെപ്പറ്റി പഠിക്കാൻവന്ന കോളേജ് വിദ്യാർത്ഥികൾക്കും ഗവേഷണ പഠനത്തിനായുള്ള വിവരശേഖരണം സംബന്ധിച്ച് ഐ.റ്റി.ഡി.പി അസിസ്റ്റന്റ് പ്രോജക്ട് ഓഫീസർ പരിശീലനം നൽകി. ഇവർ വിവിധ ഗ്രൂപ്പുകളായി തിരിഞ്ഞ് നാല് ആഴ്ചകൾക്കൊണ്ട് 1873 ആളുകളിൽ നിന്നും 85 വനാവകാശ കമ്മറ്റി അംഗങ്ങളിൽ നിന്നും വിവരശേഖരണം നടത്തി. പൂർണ്ണമായ വിവരങ്ങൾ ലഭിച്ച 1850 ഗുണഭോക്താക്കളുടെയും 78 വനാവകാശ കമ്മറ്റി അംഗങ്ങളുടെയും പ്രതികരണങ്ങൾ എസ്.പി.എസ്.എസ്. പ്രോഗ്രാം ഉപയോഗിച്ച് ക്രോഡീകരിച്ച് പട്ടിക തയ്യാറാക്കി.

### *4.6 ഫോക്കസ് ഗ്രൂപ്പ് ചർച്ചകൾ*

- 2016 നവംബർ 15-ാം തിയ്യതി പഠനത്തിന്റെ പ്രാഥമിക കണ്ടെത്തലുകൾ നീതി വേദി വിളിച്ചുചേർത്ത നെറ്റ്വർക്ക് മീറ്റിംഗിൽ പങ്കെടുത്ത ആദിവാസി നേതാക്കളുടെയും ആദിവാസികൾക്കുവേണ്ടി പ്രവർത്തിക്കുന്ന സന്നദ്ധ സംഘടന പ്രതിനിധികളുടെയും മുമ്പിൽ അവതരിപ്പിച്ചു.

- 2017 മാർച്ച് 14-ാം തിയ്യതി ജില്ലാ പഞ്ചായത്ത് മെമ്പർമാർ, പട്ടിക വർഗ്ഗ-ഫോറസ്റ്റ് ഉദ്യോഗസ്ഥർ, പ്രൊമോട്ടർമാർ, ആദിവാസി നേതാക്കൾ എന്നിവരുടെ മുമ്പാകെ പഠനത്തിന്റെ കണ്ടെത്തലുകൾ അവതരിപ്പിക്കുകയും വിശദമായ ചർച്ചകൾ നടത്തുകയും ചെയ്തു.

ഈ ചർച്ചകളിൽ ഉയർന്നുവന്ന അഭിപ്രായങ്ങളും നിർദ്ദേശങ്ങളും പഠനത്തിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

### *4.7 പഠനത്തിന്റെ പരിമിതികൾ*

1. വയനാട്ടിലെ വനാവകാശ ഊരുകളിൽ എത്തിപ്പെടാനുള്ള ബുദ്ധിമുട്ടും സ്റ്റാഫംഗങ്ങളുടെ കുറവും കൊണ്ട് 107 വനാവകാശ കമ്മറ്റിയുമായി ബന്ധപ്പെട്ട ഊരുകളിൽ നിന്ന് മാത്രമേ വിവരശേഖരണം നടത്താൻ സാധിച്ചിട്ടുള്ളൂ. ഊരുകൾ തെരഞ്ഞെടുത്തപ്പോൾ അപേക്ഷകരുടെ എണ്ണം, സമുദായം, പഞ്ചായത്ത്/ബ്ലോക്ക് പരിധി എന്നിവയ്ക്ക് തുല്യ പ്രാധാന്യം നൽകിയിട്ടില്ല.
2. എല്ലാ ഊരുകളിലെയും മുഴുവൻ അപേക്ഷകരെയോ എല്ലാ കമ്മറ്റികളിലെയും മുഴുവൻ അംഗങ്ങളെയയോ കാണുവാനോ വിവരശേഖരണം നടത്തുവാനോ സാധിച്ചിട്ടില്ല.

3. ഗുണഭോക്താക്കളിൽ പലർക്കും നിയമ പ്രകാരം അപേക്ഷ സമർപ്പിക്കേണ്ട രീതി മനസ്സിലാക്കത്തതുകൊണ്ട് നൽകിയ അപേക്ഷയിന്മേൽ എന്ത് നടപടി എടുത്തുവെന്ന് അറിയാതെയാണ് പലരും ചോദ്യാവലിയോട് പ്രതികരിച്ചത്. ആയതിനാൽ യഥാർത്ഥത്തിൽ വനാവകാശ അപേക്ഷ നൽകിയവരുടെയും ലഭിക്കാൻ അർഹതയുള്ളവരുടെയും എണ്ണം പഠനത്തിൽ കാണിച്ചിരിക്കുന്നതിലും കൂടുതലാകാനാണ് സാധ്യത.
4. സർവ്വെ നടത്തിയ ദിവസങ്ങളിൽ ഊരിൽ കണ്ടെത്തിയവരിൽ നിന്ന് മാത്രമേ വിവരശേഖരണം നടത്താൻ കഴിഞ്ഞിട്ടുള്ളൂ. അതുകൊണ്ട് എല്ലാ ഗുണഭോക്താക്കളുടെയും പ്രതികരണങ്ങൾ ശേഖരിക്കാൻ സാധിച്ചിട്ടില്ല.
5. വനാവകാശ കമ്മറ്റി പലയിടത്തും സജീവമല്ലാത്തതിനാലും വിവരശേഖരണ സമയത്ത് കൃത്യമായി കണക്കുകൾ ഓർത്തിരിക്കാത്തതുകൊണ്ടും കമ്മറ്റി അംഗങ്ങളിൽ നിന്ന് ലഭിച്ച വിവരങ്ങളിൽ വ്യത്യാസം ഉണ്ടാകാൻ സാധ്യതയുണ്ട്.

# അദ്ധ്യായം - 3

## *വിവരങ്ങളുടെ വിശകലനവും വ്യാഖ്യാനവും*

ഗവേഷണ പഠനത്തിൽ പങ്കെടുത്ത വയനാട് ജില്ലയിലെ 1850 ഗുണഭോക്താക്കളിൽ നിന്നും 78 വനാവകാശ കമ്മറ്റി അംഗങ്ങളിൽ നിന്നും നേരിട്ട് ലഭിച്ച വിവരങ്ങളാണ് വിവിധ പട്ടികകളുടെ സഹായത്തോടെ ഈ അദ്ധ്യായത്തിൽ വിശകലനം ചെയ്തിട്ടുള്ളത്.

**പട്ടിക 1**

**ഗവേഷണ പഠനത്തിൽ ഉൾപ്പെടുത്തിയ ഊരുകൾ**

| നമ്പർ | ഊര് | പഞ്ചായത്ത് | നമ്പർ | ഊര് | പഞ്ചായത്ത് |
|---|---|---|---|---|---|
| 1 | മണൽവയൽ | ബത്തേരി | 27 | നീലിമല | മൂപ്പൈനാട് |
| 2 | പാമ്പ്രമൂല | ബത്തേരി | 28 | പാൽച്ചുരം | മൂപ്പൈനാട് |
| 3 | പൂവഞ്ചി | ബത്തേരി | 29 | പരപ്പൻപാറ | മൂപ്പൈനാട് |
| 4 | പുല്ലുമല | ബത്തേരി | 30 | കടച്ചിക്കുന്ന് | മൂപ്പൈനാട് |
| 5 | പുതുവീട് | ബത്തേരി | 31 | കോൽപ്പാറ | മുട്ടിൽ |
| 6 | മാളപ്പാടി | ബത്തേരി | 32 | പഴശ്ശി | മുട്ടിൽ |
| 7 | കോളിമൂല | ബത്തേരി | 33 | ആനപ്പന്തി | നൂൽപ്പുഴ |
| 8 | റാട്ടക്കൊല്ലി | കൽപ്പറ്റ | 34 | അണ്ണിമൂല | നൂൽപ്പുഴ |
| 9 | അത്തിക്കടവ് | മീനങ്ങാടി | 35 | കോളൂർ | നൂൽപ്പുഴ |
| 10 | മടൂർ | മീനങ്ങാടി | 36 | കൊട്ടൻകര | നൂൽപ്പുഴ |
| 11 | ആനക്കാട് | മേപ്പാടി | 37 | കുമ്പ്രംകൊല്ലി | നൂൽപ്പുഴ |
| 12 | ആനപ്പാറ | മേപ്പാടി | 38 | കുറിച്ച്യാട് | നൂൽപ്പുഴ |
| 13 | അരുണമല | മേപ്പാടി | 39 | മൈക്കര | നൂൽപ്പുഴ |
| 14 | അത്തിച്ചുവട് | മേപ്പാടി | 40 | മാറോട് | നൂൽപ്പുഴ |
| 15 | ഗോവിന്ദൻപാറ | മേപ്പാടി | 41 | ഞണ്ടൻകൊല്ലി | നൂൽപ്പുഴ |
| 16 | ഇടിഞ്ഞക്കൊല്ലി | മേപ്പാടി | 42 | ഓടക്കൊല്ലി | നൂൽപ്പുഴ |
| 17 | കല്ലടി-മമ്മിക്കുന്ന് | മേപ്പാടി | 43 | പണയമ്പം | നൂൽപ്പുഴ |
| 18 | കല്ലുമല-റാട്ടക്കൊല്ലി | മേപ്പാടി | 44 | പങ്കളം | നൂൽപ്പുഴ |
| 19 | കാർമൽക്കുന്ന് | മേപ്പാടി | 45 | പിലാക്കാവ് | നൂൽപ്പുഴ |
| 20 | കുപ്പച്ചിക്കൊല്ലി | മേപ്പാടി | 46 | പൊൻകുഴി | നൂൽപ്പുഴ |
| 21 | പൂളക്കുന്ന് | മേപ്പാടി | 47 | റാമ്പള്ളി | നൂൽപ്പുഴ |
| 22 | പൂതമൂല | മേപ്പാടി | 48 | വീട്ടിപ്പുര | നൂൽപ്പുഴ |
| 23 | വെള്ളക്കെട്ട് | മേപ്പാടി | 49 | മണിമുണ്ട | നൂൽപ്പുഴ |
| 24 | വേങ്ങച്ചോല | മേപ്പാടി | 50 | പാമ്പൻകൊല്ലി | നൂൽപ്പുഴ |
| 25 | ജയ്ഹിന്ദ് | മൂപ്പൈനാട് | 51 | പണപ്പാടി | നൂൽപ്പുഴ |
| 26 | കൈരളി | മൂപ്പൈനാട് | 52 | ചുക്കാലിക്കുനി | നൂൽപ്പുഴ |

| | | | | | |
|---|---|---|---|---|---|
| 53 | നടുവിൽമുറ്റം | പനമരം | 81 | കാപ്പാട്ടുമല | തവിഞ്ഞാൽ |
| 54 | വാഴമ്പാടി | പനമരം | 82 | പുന്നശ്ശേരി | തവിഞ്ഞാൽ |
| 55 | ചെഞ്ചടി | പൂതാടി | 83 | എടറക്കൊല്ലി | തവിഞ്ഞാൽ |
| 56 | മാരമല | പൂതാടി | 84 | താഴെ തലപ്പുഴ | തവിഞ്ഞാൽ |
| 57 | ഓടക്കുറ്റി | പൂതാടി | 85 | കോണവയൽ | തിരുനെല്ലി |
| 58 | തേൻകുഴി | പൂതാടി | 86 | പ്ലാമൂലം നെല്ലിക്കണ്ടി | തിരുനെല്ലി |
| 59 | എല്ലക്കൊല്ലി കല്ലുവ യൽ | പൂതാടി | 87 | തുറമ്പൂർ | തിരുനെല്ലി |
| 60 | മരിയനാട് | പൂതാടി | 88 | ചക്കിണി | തിരുനെല്ലി |
| 61 | ഇടല്ലൂർ | പൂതാടി | 89 | കാരമാട് | തിരുനെല്ലി |
| 62 | ചീയമ്പം | പൂതാടി | 90 | കാളിന്ദി | തിരുനെല്ലി |
| 63 | പങ്കുമൂപ്പൻ | പൂതാടി | 91 | വെളറോടി | തിരുനെല്ലി |
| 64 | കേളമംഗലം | പൂതാടി | 92 | ബേഗൂർ | തിരുനെല്ലി |
| 65 | ഇരുളം വട്ടപ്പാടി | പൂതാടി | 93 | തുണ്ടുകാപ്പ് | തിരുനെല്ലി |
| 66 | നെയ്ക്കുപ്പ മണൽവയൽ | പൂതാടി | 94 | അപ്പപ്പാറ | തിരുനെല്ലി |
| 67 | ഇടിയംവയൽ | പൊഴുതന | 95 | ആക്കൊല്ലിക്കുന്ന് | തിരുനെല്ലി |
| 68 | ഇല്ല്യമ്പം | പുൽപ്പള്ളി | 96 | മധ്യപാടി | തിരുനെല്ലി |
| 69 | പള്ളിച്ചിറ | പുൽപ്പള്ളി | 97 | മിച്ചഭൂമി | തിരുനെല്ലി |
| 70 | ചേകാടി | പുൽപ്പള്ളി | 98 | കൂപ്പ് | തിരുനെല്ലി |
| 71 | കുണ്ടുപാളി | പുൽപ്പള്ളി | 99 | റസൽക്കുന്ന് | തിരുനെല്ലി |
| 72 | ബസവൻകൊല്ലി | പുൽപ്പള്ളി | 100 | നെല്ലരിമന്ദം | തൊർനാട് |
| 73 | തിരുമുഗം | പുൽപ്പള്ളി | 101 | ചുരുളി | തൊണ്ടർനാട് |
| 74 | മടാപ്പറമ്പ് | പുൽപ്പള്ളി | 102 | എടമുണ്ട പഴശ്ശി | തൊണ്ടർനാട് |
| 75 | എടക്കണ്ടി | പുൽപ്പള്ളി | 103 | വെട്ടരിക്കുന്ന് | തൊണ്ടർനാട് |
| 76 | ചുള്ളിക്കാട് | പുൽപ്പള്ളി | 104 | നെല്ലിക്കച്ചാൽ | വെള്ളമുണ്ട |
| 77 | ചോയിമൂല | തവിഞ്ഞാൽ | 105 | പെരുംകുളം | വെള്ളമുണ്ട |
| 78 | ഗോദാവരി | തവിഞ്ഞാൽ | 106 | പൂക്കോട് ഡയറി | വൈത്തിരി |
| 79 | കാരംങ്കോട് | തവിഞ്ഞാൽ | 107 | വട്ടക്കുണ്ട | വൈത്തിരി |
| 80 | നടുമൊട്ടമ്മൽ | തവിഞ്ഞാൽ | | | |

**പട്ടിക 2**

**ഗുണഭോക്താക്കൾ പഞ്ചായത്ത് അടിസ്ഥാനത്തിൽ**

| പഞ്ചായത്ത്/മുനിസിപ്പാലിറ്റി | എണ്ണം | ശതമാനം |
|---|---|---|
| മേപ്പാടി | 276 | 14.9 |
| പൂതാടി | 264 | 14.3 |
| തിരുനെല്ലി | 250 | 13.5 |
| നൂൽപ്പുഴ | 222 | 12.0 |
| തൊണ്ടർനാട് | 178 | 9.6 |
| സുൽത്താൻ ബത്തേരി | 136 | 7.4 |
| തവിഞ്ഞാൽ | 111 | 6.0 |
| പുൽപ്പള്ളി | 97 | 5.2 |
| മൂപ്പൈനാട് | 66 | 3.6 |
| മീനങ്ങാടി | 62 | 3.4 |
| വൈത്തിരി | 49 | 2.6 |
| മുട്ടിൽ | 48 | 2.6 |
| വെള്ളമുണ്ട | 43 | 2.3 |
| പൊഴുതന | 28 | 1.5 |
| പനമരം | 12 | 0.6 |
| കൽപ്പറ്റ | 8 | 0.4 |
| **ആകെ** | **1850** | **100.0** |

**പട്ടിക 3**

**ഗുണഭോക്താക്കൾ ബ്ലോക്ക് അടിസ്ഥാനത്തിൽ**

| ബ്ലോക്ക് | എണ്ണം | ശതമാനം |
|---|---|---|
| മാനന്തവാടി | 582 | 31 |
| കൽപ്പറ്റ | 475 | 26 |
| ബത്തേരി | 420 | 23 |
| പനമരം | 373 | 20 |
| **ആകെ** | **1850** | **100.0** |

വനാവകാശ നിയമത്തിന്റെ ആനുകൂല്യങ്ങൾ ലഭിക്കാൻ അർഹതയുള്ള പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലുമാണ് പഠനം നടത്തിയത്. വനമേഖല കൂടുതലുള്ള പ്രദേശങ്ങളിൽ സ്വാഭാവികമായും ഗുണഭോക്താക്കൾ കൂടുതലുണ്ട്.

### പട്ടിക 4

### ഗുണഭോക്താക്കൾ സമുദായാടിസ്ഥാനത്തിൽ

| സമുദായങ്ങൾ | എണ്ണം | ശതമാനം |
|---|---|---|
| കാട്ടുനായ്ക്ക | 607 | 32.8 |
| പണിയ | 531 | 28.7 |
| കുറിച്യ | 257 | 13.9 |
| കുറുമ | 192 | 10.4 |
| വെട്ടക്കുറുമ/ഊരാളി | 161 | 8.7 |
| തച്ചനാടൻ മൂപ്പൻ | 46 | 2.5 |
| അടിയ | 43 | 2.3 |
| കാടർ | 7 | 0.4 |
| ചോലനായ്ക്കർ | 6 | 0.3 |
| **ആകെ** | **1850** | **100.0** |

വയനാട് ജില്ലയിലെ ആദിവാസി ജനസംഖ്യയിൽ കാട്ടുനായ്ക്കർ കുറവാണെങ്കിലും വനമേഖലയോട് ചേർന്നു കിടക്കുന്നവർ ആയതുകൊണ്ട് വനാവകാശ നിയമപ്രകാരം ആനുകൂല്യങ്ങൾ ഏറ്റവും കൂടുതൽ ലഭിച്ചിട്ടുള്ളത് കാട്ടുനായ്ക്ക വിഭാഗത്തിൽപ്പെട്ട വർക്കാണ്. അതേസമയം വനവുമായി കാര്യമായ ബന്ധമില്ലാത്ത പണിയ വിഭാഗ ത്തിൽപ്പെട്ടവരിൽ നിന്നാണ് 28.7% ഗുണഭോക്താക്കൾ എന്നുള്ളത് പ്രത്യേകം പരാമർശി ക്കപ്പെടേണ്ട കാര്യമാണ്.

### പട്ടിക 5

### വ്യക്തിഗത വനാവകാശത്തിന് അപേക്ഷിച്ചവർ

| അപേക്ഷ | എണ്ണം | ശതമാനം |
|---|---|---|
| നൽകി | 1661 | 89.8 |
| നൽകിയില്ല | 189 | 10.2 |
| ആകെ | 1850 | 100.0 |

### പട്ടിക 6

### വ്യക്തിഗത വനാവകാശത്തിന് അപേക്ഷിച്ചവർ സമുദായാടിസ്ഥാനത്തിൽ

| സമുദായങ്ങൾ | അപേക്ഷ | | ആകെ |
|---|---|---|---|
| | നൽകി | നൽകിയില്ല | |
| കാട്ടുനായ്ക്ക | 516 | 91 | 607 |
| പണിയ | 491 | 40 | 531 |
| കുറിച്യ | 256 | 1 | 257 |
| കുറുമ | 162 | 30 | 192 |
| വെട്ടക്കുറുമ/ഊരാളി | 134 | 27 | 161 |
| തച്ചനാടൻ മൂപ്പൻ | 46 | 0 | 46 |
| അടിയ | 43 | 0 | 43 |
| കാടർ | 7 | 0 | 7 |
| ചോലനായ്ക്കർ | 6 | 0 | 6 |
| **ആകെ** | 1661 | 189 | 1850 |

പഠനത്തിൽ ഉൾപ്പെട്ട 189 പേർക്ക് വനാവകാശങ്ങൾക്കുവേണ്ടിയുള്ള അപേക്ഷ സമർപ്പിക്കാൻ കഴിഞ്ഞിട്ടില്ല. ഇക്കാര്യത്തിലുള്ള അവരുടെ അർഹത വിലയിരുത്തപ്പെടേണ്ടതുണ്ട്. അത് സാധിക്കണമെങ്കിൽ വനാവകാശ കമ്മറ്റിക്ക് അപേക്ഷ നൽകാൻ അവർക്ക് അവസരം കൊടുക്കണം. തങ്ങളുടെ ഊരുകളിൽ വനാവകാശ നിയമപ്രകാരം ഭൂമി ലഭിക്കാൻ അർഹതയുള്ള മറ്റാളുകൾ ഉണ്ടോ എന്ന ചോദ്യത്തോട് ഏകദേശം 10 ശതമാനം പേർ പ്രതികരിച്ചത് ഇനിയും അർഹതയുള്ള ആളുകൾ ഉണ്ട് എന്നാണ്. അവർ വനാവകാശ നിയമത്തെപ്പറ്റി അറിവ് ലഭിക്കാത്തതുകൊണ്ടോ വിവിധ കാരണങ്ങൾകൊണ്ട് മറ്റുള്ളവരോടൊപ്പം അപേക്ഷ സമർപ്പിക്കാൻ കഴിയാത്തതുകൊണ്ടോ വനാവകാശങ്ങൾ ലഭിക്കുന്നതിൽ നിന്നും ഒഴിവാക്കപ്പെട്ടിരിക്കുകയാണ്. അവർക്കും പുതിയതായി അപേക്ഷ സമർപ്പിക്കാനുള്ള അവസരം ഉണ്ടാകേണ്ടതുണ്ട്.

**പട്ടിക 7**

**വനാവകാശ നിയമത്തെക്കുറിച്ചുള്ള ഗുണഭോക്താക്കളുടെ അറിവ്**

| നിയമത്തെക്കുറിച്ചുള്ള അറിവ് | എണ്ണം | ശതമാനം |
|---|---|---|
| അറിയില്ല | 459 | 24.8 |
| വളരെക്കുറച്ച് | 896 | 48.4 |
| കുറച്ച് | 441 | 23.8 |
| നല്ലതുപോലെ | 54 | 2.9 |
| **ആകെ** | **1850** | **100.0** |

വനാവകാശ നിയമപ്രകാരം അപേക്ഷ നൽകിയവരും നൽകാൻ കഴിയാത്തവരുമായി ഈ ഗവേഷണപഠനത്തിൽ പങ്കെടുത്ത ആദിവാസി സമൂഹത്തിന് ഈ നിയമം സംബന്ധിച്ചുള്ള അടിസ്ഥാന ധാരണ ഒരു വലിയ ചോദ്യ ചിഹ്നമാണെന്ന് പഠനം വ്യക്തമാക്കുന്നു. പഠനത്തിൽ പങ്കെടുത്തവരിൽ ഏതാണ്ട് 1/4 പേർക്ക് വനാവകാശ നിയമത്തെക്കുറിച്ച് യാതൊരു ധാരണയുമില്ല. ബഹുഭൂരിഭാഗം പേർക്കും (72.2%) വളരെ കുറച്ച് അറിവ് മാത്രമേ ഈ നിയമം സംബന്ധിച്ചുള്ളൂ. 3 ശതമാനത്തിൽ താഴെ ആളുകൾക്ക് മാത്രമേ വനാവകാശ നിയമം സംബന്ധിച്ച് വ്യക്തമായ ധാരണയുള്ളൂ. പട്ടിക വർഗ്ഗ വകുപ്പും ഫോറസ്റ്റ് വകുപ്പും സന്നദ്ധ സംഘടനകളും ആദിവാസി സംഘടനകളുമൊക്കെ വനവകാശ നിയമം സംബന്ധിച്ച് ഏറെ ബോധവത്ക്കരണ പരിപാടികൾ സംഘടിപ്പിച്ചു എന്ന് അവകാശപ്പെടുമ്പോഴും ആദിവാസി സമൂഹത്തിന് ഇത് സംബന്ധിച്ച അടിസ്ഥാന ധാരണ ലഭിച്ചിട്ടില്ല എന്നത് ഗൗരവമായി കണക്കിലെടുക്കേണ്ട കാര്യമാണ്.

**പട്ടിക 8**

**വനാവകാശത്തെക്കുറിച്ച് അപേക്ഷകർ അറിഞ്ഞത് സംബന്ധിച്ച്**

| **വനാവകാശത്തെക്കുറിച്ച് അറിഞ്ഞത്** | **എണ്ണം** |
|---|---|
| പട്ടികവർഗ്ഗ പ്രൊമോട്ടർ | 450 |
| ഫോറസ്റ്റ് ഉദ്യോഗസ്ഥർ | 310 |
| പട്ടികവർഗ്ഗ ഉദ്യോഗസ്ഥർ | 193 |
| സാമൂഹ്യ പ്രവർത്തകർ | 175 |
| ജനപ്രതിനിധികൾ | 102 |
| ഊരുമൂപ്പൻ | 4 |
| വനാവകാശ കമ്മറ്റി | 3 |
| വായന/പത്രം | 2 |
| കൂട്ടുകാർ | 2 |
| കളക്ടർ | 2 |
| ഊരുകൂട്ടം | 2 |
| രാഷ്ട്രീയക്കാർ | 1 |
| സ്കൂൾ | 1 |
| ഓർമ്മയില്ല | 680 |

വനാവകാശ നിയമത്തിന്റെ അടിസ്ഥാനത്തിൽ ഭൂമി ലഭിക്കുന്നത് സംബന്ധിച്ച വിവരം ആരിൽ നിന്നാണ് ലഭിച്ചത് എന്ന ചോദ്യത്തിന് പ്രൊമോട്ടർമാരിൽ നിന്നും എന്നാണ് കൂടുതൽ പേർ പ്രതികരിച്ചത്. പഠനത്തിൽ പങ്കെടുത്തവരിൽ മൂന്നിൽ ഒന്നിൽ കൂടുതൽ പേർക്ക് ആരാണ് ഇക്കാര്യം അവരോട് പറഞ്ഞതെന്ന് യാതൊരു ഓർമ്മയുമില്ല. ചുരുക്കംപേർ ഒന്നിലധികം പേർ വനാവകാശ നിയമം സംബന്ധിച്ച് അവരോട് സൂചിപ്പിച്ചതായി പറഞ്ഞിട്ടുണ്ട്. പട്ടിക 7 ഉം 8 ഉം തമ്മിൽ ചേർത്തുവായിക്കുമ്പോൾ വനാവകാശത്തെപ്പറ്റി ബന്ധപ്പെട്ട ഗുണഭോക്താക്കൾക്ക് അറിവ് പകർന്നുനൽകുന്നതിൽ സർക്കാർ വകുപ്പുകളും സംഘടനകളും വേണ്ടത്ര പ്രവർത്തിച്ചിട്ടില്ല എന്നാണ് മനസ്സിലാകുന്നത്.

**പട്ടിക 9**

**ഊരുകളിൽ വനാവകാശ കമ്മറ്റി രൂപീകരിച്ചത് സംബന്ധിച്ച്**

| **വനാവകാശ കമ്മറ്റി** | **എണ്ണം** | **ശതമാനം** |
|---|---|---|
| ഉണ്ട് | 1346 | 72.8 |
| അറിയില്ല | 429 | 23.2 |
| ഇല്ല | 75 | 4.0 |
| **ആകെ** | **1850** | **100.0** |

ഗവേഷണ പഠനത്തിൽ പങ്കെടുത്തവരുടെ ഊരുകളിൽ വനാവകാശ കമ്മറ്റി രൂപീകരിച്ചിട്ടുണ്ടോ എന്നും അപ്രകാരമുള്ള കമ്മറ്റി പ്രവർത്തിക്കുന്നുണ്ടോ എന്നുമുള്ള

ചോദ്യങ്ങൾക്ക് 72.8 ശതമാനം പേരും കമ്മറ്റി ഉണ്ട് എന്ന ഉത്തരമാണ് നൽകിയത്. സർക്കാർ രേഖകളിൽ വനാവകാശ കമ്മറ്റി ഉണ്ട് എന്ന് കാണിച്ചിട്ടുള്ള ഊരുകളിൽ മാത്രമാണ് ഗവേഷണ പഠനം നടത്തിയത്. എങ്കിലും 27.2 ശതമാനം പേർക്ക് വനാവകാശ കമ്മറ്റി തങ്ങളുടെ ഊരിൽ ഉള്ളത് സംബന്ധിച്ച യാതൊരു ധാരണയുമില്ല.

**പട്ടിക 10**

**വനാവകാശ കമ്മറ്റി ഊരുകൂട്ടത്തിലൂടെ രൂപീകരിച്ചത് സംബന്ധിച്ച്**

| ഊരുകൂട്ടത്തിൽ നിന്ന് | എണ്ണം | ശതമാനം |
|---|---|---|
| അതെ | 1287 | 69.6 |
| അറിയില്ല | 519 | 28.1 |
| അല്ല | 44 | 2.3 |
| **ആകെ** | **1850** | **100.0** |

**പട്ടിക 10 (1)**

**വനാവകാശ കമ്മറ്റി അംഗങ്ങളുടെ അഭിപ്രായം**

| ഊരുകൂട്ടത്തിൽ നിന്ന് | എണ്ണം | ശതമാനം |
|---|---|---|
| അതെ | 75 | 96 |
| അല്ല | 2 | 3 |
| അറിയില്ല | 1 | 1 |
| **ആകെ** | **78** | **100.0** |

തങ്ങളുടെ ഊരിൽ വനാവകാശ കമ്മറ്റി ഉണ്ട് എന്ന് സൂചിപ്പിച്ചവരിൽ മിക്കവരും ഊരുകൂട്ടത്തിൽ വെച്ചാണ് പ്രസ്തുത കമ്മറ്റി രൂപീകരിച്ചത് എന്നാണ് പ്രതികരിച്ചത്. വനാവകാശ കമ്മറ്റി അംഗങ്ങളോട് ഇക്കാര്യത്തെപ്പറ്റി ചോദിച്ചപ്പോൾ 96 ശതമാനം പേരും ഊരുകൂട്ടത്തിൽ വെച്ചാണ് വനാവകാശ കമ്മറ്റി രൂപീകരിച്ചത് എന്ന് ഉറപ്പിച്ചു പറയുകയുണ്ടായി. അത് ശരിയായ നടപടിക്രമമാണ്. വനാവകാശ കമ്മറ്റിയെപ്പറ്റി അറിയാത്തവർ മിക്ക ഊരുകളിലുമുണ്ട് എന്ന് ഈ പട്ടിക സൂചിപ്പിക്കുന്നു. ഊരുകൂട്ടത്തിൽ നിന്നല്ല വനാവകാശ കമ്മറ്റി രൂപീകരിച്ചത് എന്ന് 44 പേർ അഭിപ്രായപ്പെട്ടത് ഗൗരവമായി എടുക്കേണ്ട കാര്യമാണ്. ഇതോടൊപ്പം വനാവകാശ കമ്മറ്റി അംഗങ്ങളിൽത്തന്നെ 4 ശതമാനം പേർ വ്യത്യസ്തമായി അഭിപ്രായം രേഖപ്പെടുത്തിയത് സൂചിപ്പിക്കുന്നത് ചില സ്ഥലങ്ങളിലെങ്കിലും സുതാര്യമായ രീതിയിൽ വനാവകാശ കമ്മറ്റികൾ രൂപീകരിക്കാൻ ബന്ധപ്പെട്ടവർ താൽപ്പര്യമെടുത്തില്ല എന്നാണ്. മാത്രവുമല്ല മിക്ക പഞ്ചായത്തുകളിലെയും വനാവകാശ കമ്മറ്റികൾ നിലവിൽ സജീവമല്ല എന്ന വസ്തുത കൂടി പരിഗണിക്കുമ്പോൾ വെറും നടപടിക്രമത്തിന്റെ പേരിൽ വേണ്ടത്ര ഗൗരവമില്ലാതെയും ബോധവത്ക്കരണം നടത്താതെയുമാണ് പലയിടങ്ങളിലും വനാവകാശ കമ്മറ്റി രൂപീകരിച്ചത്

എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. ചിലരെങ്കിലും തങ്ങൾ നിലവിൽ വനാവകാശ കമ്മറ്റി അംഗങ്ങളാണോ എന്നതിൽ സംശയം പ്രകടിപ്പിക്കുകയുണ്ടായി.

**പട്ടിക 11**

**വ്യക്തിഗത അപേക്ഷ നൽകിയതാർക്ക് എന്നതു സംബന്ധിച്ച്**

| **അപേക്ഷ നൽകിയത്** | **എണ്ണം** | **ശതമാനം** |
|---|---|---|
| വനാവകാശ കമ്മറ്റിക്ക് | 675 | 40.6 |
| പട്ടികവർഗ്ഗ പ്രൊമോട്ടർക്ക് | 599 | 36.1 |
| ഫോറസ്റ്റ് ഉദ്യോഗസ്ഥർക്ക് | 44 | 2.6 |
| ജനപ്രതിനിധികൾക്ക് | 29 | 1.7 |
| പട്ടികവർഗ്ഗ ഉദ്യോഗസ്ഥർക്ക് | 25 | 1.5 |
| വില്ലേജ് ഓഫീസർക്ക് | 11 | 0.6 |
| കളക്ടർക്ക് | 4 | 0.3 |
| പഞ്ചായത്ത് ഉദ്യോഗ സ്ഥർക്ക് | 3 | 0.2 |
| ഊരുകൂട്ടത്തിൽ | 1 | 0.1 |
| ഓർമ്മയില്ല | 270 | 16.3 |
| ആകെ | 1661 | 100.0 |

വനാവകാശ നിയമത്തിനുള്ള അപേക്ഷകൾ വനാവകാശ കമ്മറ്റിക്ക് നേരിട്ട് നൽകിയത് 40 ശതമാനം പേർ മാത്രമാണ്. ഇക്കാര്യത്തിൽ പട്ടിക വർഗ്ഗ പ്രൊമോട്ടർമാരുടെ സഹായം വനാവകാശ കമ്മറ്റിക്ക് ലഭിച്ചതാണെന്ന് ന്യായമായും കരുതാം. കുറച്ചുപേരെങ്കിലും ഉദ്യോഗസ്ഥർക്കും ജനപ്രതിനിധികൾക്കും അപേക്ഷകൾ നൽകി എന്ന് സൂചിപ്പിച്ചിട്ടുണ്ട്. വനാവകാശ നിയമം അനുശാസിക്കുന്ന നടപടിക്രമങ്ങൾ സംബന്ധിച്ച് ബന്ധപ്പെട്ട മിക്കവർക്കും ശരിയായ ധാരണയില്ല എന്നാണ് ഈ പട്ടിക വ്യക്തമാക്കുന്നത്. വനാവകാശ കമ്മറ്റി മുമ്പാകെ എത്ര അപേക്ഷകൾ ലഭിച്ചു എന്ന ചോദ്യത്തിന് കൃത്യമായിട്ടല്ലെന്നുമാത്രമല്ല ഏകദേശ ധാരണയിൽ പോലും മറുപടി നൽകാൻ വനാവകാശ കമ്മറ്റി അംഗങ്ങളിൽ ഭൂരിഭാഗം പേർക്കും കഴിഞ്ഞിട്ടില്ല. ഇതു സൂചിപ്പിക്കുന്നത് അപേക്ഷകൾ സ്വീകരിക്കുന്നതിനും പരിഗണിക്കുന്നതിനും കാര്യമായ പങ്കൊന്നും വനാവകാശ കമ്മറ്റികൾക്ക് ഉണ്ടായിരുന്നില്ല എന്നാണ്.

**പട്ടിക 12**

**നൽകിയ അപേക്ഷകളുടെ സ്ഥിതി സംബന്ധിച്ച്**

| അപേക്ഷകളുടെ സ്ഥിതി | എണ്ണം | ശതമാനം |
|---|---|---|
| അംഗീകരിച്ചു | 1401 | 84.3 |
| അറിയില്ല | 217 | 13.1 |
| അംഗീകരിച്ചില്ല | 43 | 2.6 |
| ആകെ | 1661 | 100.0 |

അപേക്ഷ നൽകിയവരിൽ ബഹുഭൂരിപക്ഷം പേരുടെയും അപേക്ഷ അംഗീകരിച്ച തായി പഠനം വ്യക്തമാക്കുന്നു. എന്നാൽ 217 പേർക്ക് അവരുടെ അപേക്ഷയുടെ സ്ഥിതി എന്താണെന്നതിനെപ്പറ്റി യാതൊരു അറിവും കിട്ടിയിട്ടില്ല. വനാവകാശ കമ്മറ്റി പാസ്സാക്കി അയച്ച അപേക്ഷകൾ സബ് ഡിവിഷണൽ കമ്മറ്റിയിലും ജില്ലാ കമ്മറ്റിയിലും പരിഗണി ച്ചത് സംബന്ധിച്ച ശരിയായ ഫോളോ അപ്പ് നടത്താൻ ബന്ധപ്പെട്ടവർക്ക് കഴിഞ്ഞി ട്ടുണ്ടോ എന്ന സംശയം ഈ പട്ടിക ഉയർത്തുന്നു. താഴെ ചേർത്തിരിക്കുന്ന പട്ടികകളിൽ കൈവശരേഖ ലഭിച്ചവരുടെയും ഭൂമി ലഭിച്ചവരുടെയും എണ്ണം താരതമ്യം ചെയ്താൽ ഗുണഭോക്താക്കളിൽ പലർക്കും വനാവകാശ നിയമത്തിന്റെ വിവിധ തലങ്ങളിലുള്ള നട പടിക്രമങ്ങൾ സംബന്ധിച്ച് വ്യക്തതയില്ല എന്ന് മനസ്സിലാകും. അപേക്ഷകളുടെ സ്ഥിതി എന്താണ് എന്ന ചോദ്യത്തിനും വനാവകാശ കമ്മറ്റി അംഗങ്ങളിൽ ഭൂരിഭാഗം പേർക്കും യാതൊരു ധാരണയും ഉണ്ടായിരുന്നില്ല എന്ന് പഠനം സൂചിപ്പിക്കുന്നു.

**പട്ടിക 13**

**കൈവശ രേഖ ലഭിച്ചത് സംബന്ധിച്ച്**

| കൈവശ രേഖ | എണ്ണം | ശതമാനം |
|---|---|---|
| ലഭിച്ചു | 1420 | 85.5 |
| ലഭിച്ചില്ല | 241 | 14.5 |
| ആകെ | 1661 | 100.0 |

അപേക്ഷ നൽകിയവരിൽ 85.5 ശതമാനം പേർക്ക് കൈവശരേഖ ലഭിച്ചതായാണ് പഠനം സൂചിപ്പിക്കുന്നത്. കൈവശരേഖ ലഭിച്ചിട്ടില്ല എന്ന് പറയുന്ന 241 പേരിൽ എത്ര പേരുടെ അപേക്ഷ അംഗീകരിക്കാത്തതാണെന്നും എന്നും സബ് ഡിവിഷണൽ, ജില്ലാ കമ്മറ്റികളുടെ തീരുമാനത്തിനായി കാത്തിരിക്കുന്നതാണെന്നും പരിശോധിക്കേണ്ടതുണ്ട്.

### പട്ടിക 14

### രേഖ പ്രകാരം ഭൂമി ലഭിച്ചത് സംബന്ധിച്ച്

| രേഖ പ്രകാരമുള്ള ഭൂമി | എണ്ണം | ശതമാനം |
|---|---|---|
| ലഭിച്ചു | 1336 | 94 |
| ലഭിച്ചില്ല | 84 | 6 |
| ആകെ | 1420 | 100.0 |

### പട്ടിക 14 (1)

### വനാവകാശ കമ്മറ്റി അംഗങ്ങളുടെ അഭിപ്രായം

| ഭൂമി | എണ്ണം | ശതമാനം |
|---|---|---|
| ലഭിച്ചു | 46 | 59 |
| ലഭിച്ചില്ല | 7 | 9 |
| അറിയില്ല | 25 | 32 |
| **ആകെ** | **78** | **100.0** |

കൈവശരേഖ ലഭിച്ചവരിൽ 94% പേർക്കും ഭൂമി ലഭിച്ചു എന്നാണ് പഠനം സൂചിപ്പിക്കുന്നത്. എന്നാൽ ലഭിച്ച ഭൂമിയുടെ അളവ് സംബന്ധിച്ച വ്യക്തത മിക്കവർക്കും ഇല്ല. ഗുണഭോക്താക്കളിൽ 59 ശതമാനം പേർക്ക് മാത്രമേ രേഖ പ്രകാരം ഭൂമി ലഭിച്ചു എന്നാണ് വനാവകാശ കമ്മറ്റി അംഗങ്ങളുടെ അഭിപ്രായം. 32 ശതമാനം പേർക്ക് ഇതു സംബന്ധിച്ച യാതൊരു ധാരണയുമില്ല എന്ന പഠനത്തിലെ കണ്ടെത്തൽ വനാവകാശ കമ്മറ്റി എത്രമാത്രം നിർജ്ജീവമാണ് എന്നുള്ളതിന്റെ സൂചനയാണ്.

### പട്ടിക 15

### അർഹതപ്പെട്ട അത്രയും ഭൂമി ലഭിച്ചത് സംബന്ധിച്ച്

| അർഹതപ്പെട്ട അത്രയും ഭൂമി | എണ്ണം | ശതമാനം |
|---|---|---|
| ലഭിച്ചു | 798 | 56.2 |
| ലഭിച്ചില്ല | 579 | 40.8 |
| അറിയില്ല | 43 | 3.0 |
| ആകെ | 1420 | 100.0 |

### പട്ടിക 16

### അർഹതപ്പെട്ട അതേ ഭൂമി ലഭിച്ചത് സംബന്ധിച്ച്

| അർഹതപ്പെട്ട അതേ ഭൂമി | എണ്ണം | ശതമാനം |
|---|---|---|
| ലഭിച്ചു | 1319 | 93 |
| ലഭിച്ചില്ല | 101 | 7 |
| ആകെ | 1420 | 100.0 |

പട്ടിക 15, 16 എന്നിവ ഒരുമിച്ച് ചേർത്ത് വിശകലനം ചെയ്യുമ്പോൾ വയനാട് ജില്ലയിൽ ആദിവാസി സമൂഹത്തിന് ലഭിച്ച ഭൂമിയുടെ അവസ്ഥ മനസ്സിലാക്കാൻ സാധിക്കും. വനാവകാശ നിയമപ്രകാരം ഭൂമി ലഭിച്ചവരിൽ വലിയ ശതമാനം പേരും രാഷ്ട്രീയ പാർട്ടികളുടെ നേതൃത്വത്തിൽ വനഭൂമി കൈയ്യേറി കുടിൽ കെട്ടി താമസിച്ചവരാണെന്നും മിക്കവാറും എല്ലാവർക്കും തന്നെ ഒരേക്കർ ഭൂമി വീതമാണ് ലഭിച്ചതെന്നും മനസ്സിലാക്കാൻ കഴിയും. 2005 ഡിസംബർ 13 ന് മുമ്പ് വനം കൈയ്യേറിയവർ എന്ന നിലയിൽ തീർച്ചയായും ഈ രേഖ നിയമാനുസൃതമാണ്. പക്ഷേ വനാവകാശ നിയമം ലക്ഷ്യം വെച്ചത് ഇതായിരുന്നില്ല.

### പട്ടിക 17

### അർഹതപ്പെട്ട എല്ലാവർക്കും ഭൂമി ലഭിച്ചോ എന്നത് സംബന്ധിച്ച്

| ഇനിയും അർഹതപ്പെട്ടവർ | എണ്ണം | ശതമാനം |
|---|---|---|
| ഉണ്ട് | 181 | 9.8 |
| ഇല്ല | 7 | 0.4 |
| അറിയില്ല | 1662 | 89.8 |
| ആകെ | 1850 | 100.0 |

### പട്ടിക 17 (1)

### വനാവകാശ കമ്മറ്റി അംഗങ്ങളുടെ അഭിപ്രായം

| അർഹതപ്പെട്ട എല്ലാവർക്കും ഭൂമി ലഭിച്ചോ | എണ്ണം | ശതമാനം |
|---|---|---|
| ലഭിച്ചു | 25 | 32 |
| ലഭിച്ചില്ല | 45 | 58 |
| അറിയില്ല | 8 | 10 |
| **ആകെ** | **78** | **100.0** |

ജില്ലയിൽ അർഹതയുള്ള എല്ലാവർക്കും വനാവകാശ നിയമപ്രകാരം ഭൂമി ലഭിച്ചോ എന്ന ചോദ്യത്തിന് ഗുണഭോക്താക്കളും വനാവകാശ കമ്മറ്റി അംഗങ്ങളും നൽകിയ മറുപടി താരതമ്യം ചെയ്താൽ ഒരു കാര്യം വ്യക്തമാകും. ഗുണഭോക്താക്കളിൽ 181 പേർ അവരുടെ ഊരുകളിൽ ഇനിയും വനാവകാശത്തിന് അർഹതപ്പെട്ടവർ ഉണ്ട് എന്ന് അഭി പ്രായപ്പെട്ടു. ഇക്കാര്യം സംബന്ധിച്ച് കൂടുതൽ ആധികാരികതയോടെ അഭിപ്രായം പറ യാൻ കഴിയേണ്ട വനാവകാശ കമ്മറ്റി അംഗങ്ങളിൽ (പട്ടിക 16(1)) 58 ശതമാനം പേർ അർഹതപ്പെട്ട എല്ലാവർക്കും വനാവകാശ നിയമപ്രകാരം ഭൂമി നൽകാൻ കഴിഞ്ഞിട്ടില്ല എന്നാണ് പറഞ്ഞിരിക്കുന്നത്. സമൂഹ വനാവകാശം ലഭിക്കാൻ ഇനിയും വളരെയേറെ ഊരുകളുണ്ട് എന്ന് വനാവകാശ കമ്മറ്റി അംഗങ്ങൾ കൂട്ടിച്ചേർക്കുന്നു. ജില്ലയിൽ വനാ വകാശ നിയമം നടപ്പിലാക്കുന്ന പ്രക്രിയ ഇനിയും ഏറെ മുന്നോട്ടു പോകേണ്ടതുണ്ട് എന്ന് ഇത് വ്യക്തമാക്കുന്നു. അർഹതപ്പെട്ട ആളുകളുടെ അവബോധക്കുറവും ചുമതല പ്പെട്ട ഉദ്യോഗസ്ഥരുടെ താൽപ്പര്യക്കുറവും നടപടിക്രമങ്ങളിലെ ബുദ്ധിമുട്ടുകളുമാണ് എല്ലാവർക്കും വനാവകാശം ലഭ്യമാക്കുന്നതിന് തടസ്സം നിൽക്കുന്ന കാര്യങ്ങളായി വനാ വകാശ കമ്മറ്റി അംഗങ്ങൾ അഭിപ്രായപ്പെട്ടത്.

**പട്ടിക 18**

**കിട്ടിയ ഭൂമികൊണ്ടുള്ള പ്രയോജനം സംബന്ധിച്ച്**

| കിട്ടിയ ഭൂമികൊണ്ടുള്ള പ്രയോജനം | എണ്ണം | ശതമാനം |
|---|---|---|
| ലഭിക്കുന്നുണ്ട് | 1217 | 86 |
| ലഭിക്കുന്നില്ല | 203 | 14 |
| ആകെ | 1420 | 100.0 |

ഭൂമി ലഭിച്ചവരിൽ ബഹുഭൂരിഭാഗം പേർക്കും ഏതെങ്കിലും വിധത്തിലുള്ള പ്രയോജ നങ്ങൾ ലഭിക്കുന്നുണ്ടെന്നാണ് ഗവേഷണത്തിൽ പങ്കെടുത്തവരിൽ നിന്ന് മനസ്സിലാകു ന്നത്. കൃഷി ചെയ്യാൻ സ്ഥലം ലഭിച്ചു എന്നതാണ് പ്രധാന പ്രയോജനമെന്ന് മിക്കവരും അഭിപ്രായപ്പെട്ടു. കുറച്ചുപേർക്കെങ്കിലും ഭവന നിർമ്മാണം ഇതുവഴി സാധിച്ചു എന്നും പഠനത്തിൽ നിന്നും മനസ്സിലാകുന്നു. പ്രയോജനം ലഭിക്കാത്തവർ കാരണമായി സൂചി പ്പിച്ചിട്ടുള്ളത് വന്യമൃഗശല്യവും കൃഷി ചെയ്യാൻ ആവശ്യമായ സ്ഥലത്തിന്റെ കുറവുമാ ണ്. കൃഷി ചെയ്യാൻ ആവശ്യമായ ജലസേചന സൗകര്യത്തിന്റെ അപര്യാപ്തതയും സാമ്പത്തിക പരാധീനതകളും ലഭിച്ച സ്ഥലം കൂടുതൽ പ്രയോജനകരമായി ഉപയോഗി ക്കാൻ സാധിക്കാത്തതിന്റെ കാരണമായി ചിലർ സൂചിപ്പിച്ചിട്ടുണ്ട്.

**പട്ടിക 19**

**സമൂഹ വനാവകാശത്തിന്റെ പ്രയോജനം ലഭിക്കുന്നത് സംബന്ധിച്ച്**

| പ്രയോജനം | എണ്ണം | ശതമാനം |
|---|---|---|

| | | |
|---|---|---|
| ലഭിക്കുന്നു | 904 | 48.9 |
| ലഭിക്കുന്നില്ല | 495 | 26.7 |
| അറിയില്ല | 451 | 24.4 |
| ആകെ | 1850 | 100.0 |

പഠനത്തിൽ ഉൾപ്പെട്ടവരിൽ പകുതിയിൽ താഴെ പേർക്കു മാത്രമേ സമൂഹ വനാവകാശത്തിന്റെ പ്രയോജനം ലഭിക്കുന്നുള്ളൂ. നല്ലൊരു ശതമാനം പേർക്കും സമൂഹവനാവകാശം സംബന്ധിച്ച് യാതൊരു അറിവുമില്ല. വയനാട് ജില്ലയിൽ സമൂഹവനാവകാശം നൽകിയതുപോലും വളരെ കുറച്ച് പ്രദേശങ്ങൾ മാത്രം ഉൾപ്പെടുത്തിക്കൊണ്ടാണ്. വനവിഭവങ്ങൾ ശേഖരിക്കാനുള്ള ആദിവാസി സമൂഹത്തിന്റെ അവകാശം പരിരക്ഷിക്കപ്പെടണമെങ്കിൽ ഇക്കാര്യത്തിൽ ഗൗരവമായ പുന:പരിശോധന ആവശ്യമായി വരും. വനവിഭവങ്ങൾ ലഭിക്കുന്നവർ പോലും അവ ഗുണപരമായി ഉപയോഗിക്കാനോ ശരിയായ വില ലഭിക്കുന്ന വിധത്തിൽ വിൽപ്പന നടത്താനോ ശ്രദ്ധിക്കുന്നില്ല എന്ന് പഠനത്തിൽ പങ്കെടുത്ത പലരിൽ നിന്നും മനസ്സിലാക്കാൻ കഴിഞ്ഞു.

**പട്ടിക 20 (1)**

**വികസന അവകാശത്തിനു വേണ്ടി സ്ഥലം നീക്കി വെച്ചത് സംബന്ധിച്ച്**

| വികസന അവകാശത്തിനുള്ള സ്ഥലമുണ്ടോ | എണ്ണം | ശതമാനം |
|---|---|---|
| ഉണ്ട് | 32 | 41 |
| ഇല്ല | 22 | 28 |
| അറിയില്ല | 24 | 31 |
| **ആകെ** | **78** | **100.0** |

വനഗ്രാമങ്ങളുടെ വികസനം നിയമത്തിൽ പ്രത്യേകം പരാമർശിച്ചിട്ടുള്ള കാര്യമാണ്. വനഗ്രാമങ്ങളിൽ കഴിയുന്നവരുടെ വിവിധങ്ങളായ വികസന സംരംഭങ്ങൾക്കായി ആവശ്യമുള്ള സ്ഥലം നീക്കിവെച്ചിട്ടുണ്ടോ എന്ന് വനാവകാശ കമ്മറ്റി അംഗങ്ങളോട് അന്വേഷിച്ചപ്പോൾ 41 ശതമാനം പേർ മാത്രമാണ് അപ്രകാരമുണ്ട് എന്ന് അഭിപ്രായപ്പെട്ടത്. 49 ശതമാനം പേർക്ക് അത്തരം സൗകര്യങ്ങൾ കരുതിവെച്ചിരിക്കുന്നത് സംബന്ധിച്ച് യാതൊരു ധാരണയുമില്ല. വളരെ ചുരുക്കം സ്ഥലങ്ങളിൽ റോഡ്, പകൽവീട്, അംഗൺവാടി, കളിസ്ഥലം, കമ്മ്യൂണിറ്റി ഹാൾ, സ്ക്കൂൾ, ഹെൽത്ത് സെന്റർ, ക്ലബ് തുടങ്ങിയവക്കായി അപ്രകാരം കരുതിവെച്ചിരിക്കുന്ന സ്ഥലങ്ങൾ ഉപയോഗിച്ചിട്ടുണ്ട്.

**പട്ടിക 21**

**നിർദ്ദേശങ്ങൾ സംബന്ധിച്ച്**

| **നിർദ്ദേശങ്ങൾ** | **എണ്ണം** |
|---|---|
| കമ്മറ്റി സജീവമാക്കണം | 190 |
| ബോധവൽക്കരണം | 151 |
| ഊരുകൂട്ടം ശക്തമാക്കുക | 120 |

| | |
|---|---|
| തുടർ പ്രവർത്തനം | 109 |
| റീ സർവ്വെ നടത്തുക | 101 |
| ഭൂമിക്ക് രേഖ നൽകുക | 18 |
| അധിക ഭൂമി നൽകുക | 15 |
| വന്യമൃഗങ്ങളിൽ നിന്നും സംരക്ഷിക്കുക | 3 |

വനാവകാശ നിയമം വയനാട് ജില്ലയിൽ ഫലപ്രദമായി നടപ്പിലാക്കുന്നതിന് ഗവേഷണത്തിൽ പങ്കെടുത്ത ഒട്ടേറെപ്പേർ വിവിധ നിർദ്ദേശങ്ങൾ നൽകി. വനാവകാശ കമ്മറ്റികളും ഊരുകൂട്ടങ്ങളും സജീവമാക്കണമെന്നും നിയമത്തെപ്പറ്റിയും നടപടിക്രമങ്ങളെയും സംബന്ധിച്ച വിപുലമായ ബോധവത്ക്കരണ പരിപാടികൾ സംഘടിപ്പിക്കണമെന്നും പലരും നിർദ്ദേശിച്ചു. വനാവകാശ നിയമം നടപ്പിലാക്കുന്നത് തുടർന്നുകൊണ്ടുപോകേണ്ട കാര്യമാണെന്നും പുതിയ അപേക്ഷകൾ സ്വീകരിക്കണമെന്നും അവകാശങ്ങൾ ലഭിച്ചവർക്ക് കൂടുതൽ പ്രയോജനകരമാകുന്ന പദ്ധതികളും സംവിധാനങ്ങളും ആവിഷ്ക്കരിക്കണമെന്നും പലരും നിർദ്ദേശിച്ചു. സമൂഹ വനാവകാശവും വ്യക്തിഗത വനാവകാശവും കൂടുതൽ ലഭിക്കുന്നതിന് റീസർവ്വെ നടത്തി അർഹതപ്പെട്ടവർക്ക് കൈവശരേഖ നൽകണമെന്നും അഭിപ്രായമുണ്ടായി. വന്യമൃഗങ്ങളുടെ ഉപദ്രവങ്ങളിൽ നിന്നും സംരക്ഷണം നൽകാൻ നടപടി ഉണ്ടാകണമെന്നും നിർദ്ദേശമുണ്ടായി.

വനാവകാശ നിയമം വയനാട് ജില്ലയിൽ ഫലപ്രദമായി നടപ്പിലാക്കാൻ ഗവേഷണ പഠനത്തിൽ പങ്കുചേർന്ന വനാവകാശ കമ്മറ്റി അംഗങ്ങൾ വിവിധ നിർദ്ദേശങ്ങൾ നൽകുന്നുണ്ട്. ഈ നിയമം നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട എല്ലാവർക്കും വ്യാപകമായ രീതിയിൽ ബോധവത്ക്കരണ ക്ലാസ്സുകൾ നൽകണമെന്നും ശരിയായ രീതിയിൽ നിയമം നടപ്പിലാക്കാൻ ഇച്ഛാശക്തി കാണിക്കണമെന്നും അവർ അഭിപ്രായപ്പെടുന്നു. സജീവവും ശക്തവുമായ വനാവകാശ കമ്മറ്റികൾ രൂപീകരിക്കണമെന്നും നിരന്തരമായ തുടർപ്രവർത്തനവും നിരീക്ഷണവും ഇക്കാര്യത്തിൽ ഉണ്ടാകണമെന്നും അവർ ആവശ്യപ്പെടുന്നു. അർഹതപ്പെട്ട എല്ലാവരുടെയും വനാവകാശം റീസർവ്വെ നടത്തി പുന:പരിശോധിക്കണമെന്നും പലരും അഭിപ്രായപ്പെട്ടു. വന്യമൃഗങ്ങളിൽ നിന്നും സംരക്ഷണം നൽകി സുരക്ഷിതമായി ജീവിക്കാനും കൃഷി ചെയ്യാനും സാഹചര്യമൊരുക്കണമെന്നും കുടിവെള്ളം തുടങ്ങിയ അടിസ്ഥാന ആവശ്യങ്ങൾ ലഭിക്കാൻ സംവിധാനമൊരുക്കണമെന്നും അവർ നിർദ്ദേശിക്കുന്നു. നിലവിലുള്ള കൈവശരേഖ കൊണ്ട് കാര്യമായ പ്രയോജനമില്ലെന്നും പട്ടയം നൽകാൻ നിയമത്തിൽ വ്യവസ്ഥ ചെയ്യണമെന്നും പലരും ആവശ്യപ്പെടുന്നു.

## അദ്ധ്യായം - 4

## പഠനത്തിലെ പ്രധാന കണ്ടെത്തലുകൾ

1. ആദിവാസികൾക്ക് വനാവകാശ നിയമത്തെക്കുറിച്ചുള്ള അവബോധം വളരെ കുറവാണ്
2. സമൂഹവനാവകാശത്തെക്കുറിച്ചും വികസനാവകാശത്തെക്കുറിച്ചും കാര്യമായ ധാരണയില്ല.
3. വനാവകാശ കമ്മറ്റി അംഗങ്ങൾക്ക് പോലും നിയമത്തെക്കുറിച്ചും അതിന്റെ ചട്ടങ്ങളെക്കുറിച്ചും വ്യക്തമായ ധാരണയോ അറിവോ ഇല്ല.
4. സർക്കാർ നിർദ്ദേശപ്രകാരം ഊരുകൂട്ടത്തിൽ നിന്നാണ് വനാവകാശ കമ്മറ്റികൾ രൂപീകരിച്ചത്. എന്നാൽ വനാവകാശ കമ്മറ്റി രൂപീകരണം വേണ്ടത്ര സുതാര്യതയോടും ഗൗരവത്തോടും കൂടിയല്ല നിർവ്വഹിച്ചത്.
5. വനാവകാശത്തിന് അർഹതയുള്ള എല്ലാ സ്ഥലങ്ങളിലും വനാവകാശ കമ്മറ്റി രൂപീകരിച്ചിട്ടില്ല.
6. വനാവകാശ കമ്മറ്റികൾ നാമമാത്രമായ ചില പ്രവർത്തനങ്ങളേ ചെയ്തിട്ടുള്ളൂ.
7. വനാവകാശ കമ്മറ്റിയിൽ നിലവിൽ ആരൊക്കെയാണ് അംഗങ്ങൾ എന്നും നിലവിൽ കമ്മറ്റി പ്രവർത്തിക്കുന്നുണ്ടോ എന്നും പലർക്കും അറിയില്ല. മിക്ക വനാവകാശ കമ്മറ്റികളും നിലവിൽ തീർത്തും നിർജ്ജീവമാണ്.
8. വനാവകാശ കമ്മറ്റികൾ രൂപീകരിച്ച പല ഊരുകളിലും അർഹതപ്പെട്ട പലരും ഇനിയും അപേക്ഷകൾ സമർപ്പിച്ചിട്ടില്ല.
9. വനാവകാശ കമ്മറ്റിക്ക് ലഭിച്ച അപേക്ഷകളും തെളിവുകളും കമ്മറ്റി അംഗങ്ങൾ വേണ്ടത്ര പരിശോധിക്കുകയോ വിശകലനം നടത്തുകയോ ചെയ്തിട്ടില്ല.
10. അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട തെളിവുകളെക്കുറിച്ച് ആർക്കുംതന്നെ ധാരണയില്ല.
11. വനാവകാശ ചട്ടങ്ങൾ പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കുന്നതിന ഉത്തരവാദിത്വപ്പെട്ടവർ വേണ്ടത്ര ഗൗരവം നൽകിയിട്ടില്ല.
12. വനാവകാശം നടപ്പിലാക്കിയ പ്രദേശങ്ങളിൽ ട്രൈബൽ പ്രൊമോട്ടർമാർ ഗുണപരമായ പങ്ക് വഹിച്ചിട്ടുണ്ട്.
13. ചുമതലപ്പെട്ട ഉദ്യോഗസ്ഥർ ബന്ധപ്പെട്ട റെക്കോർഡുകൾ ശരിയായ രീതിയിൽ സൂക്ഷിച്ചിട്ടില്ല; കാലാനുസൃതമായി മാറ്റം വരുത്തിയിട്ടില്ല.
14. സബ് ഡിവിഷണൽ/ജില്ലാതല കമ്മറ്റി നിരസിച്ച അപേക്ഷകൾ തിരികെ ഊരുകൂട്ടത്തിലേക്കോ വനാവകാശ കമ്മറ്റികളിലേക്കോ എത്തുന്നില്ല.
15. അപേക്ഷ സമർപ്പിച്ചവരിൽ ഭൂരിഭാഗം പേർക്കും അനുകൂലമായ ഉത്തരവ് ലഭിച്ചിട്ടുണ്ട്.
16. ഭൂമി ലഭിച്ചുവെന്ന് പറയപ്പെടുന്നവരിൽ പലർക്കും കൈവശ രേഖ ലഭിച്ചിട്ടില്ല; രേഖ ലഭിച്ച ചിലർക്കെങ്കിലും തങ്ങളുടെ ഭൂമി എവിടെയാണെന്ന് അറിയില്ല; ഭൂമിയും അതിന് രേഖയും ലഭിച്ച ചിലരെ അവിടെ താമസിക്കാൻ മറ്റുള്ളവർ അനുവദിക്കുന്നില്ല.
17. അർഹതയുള്ള പലർക്കും വനാവകാശ നിയമപ്രകാരമുള്ള ഭൂമി ലഭിച്ചിട്ടില്ല.

18. കഴിവും സ്വാധീനവുമുള്ളവർക്ക് നല്ല ഭൂമിയും മറ്റുള്ളവർക്ക് വീട് വെക്കാനോ കൃഷി ചെയ്യാനോ സാധിക്കാത്ത ഭൂമിയും ലഭിച്ചതായി പലരും അഭിപ്രായപ്പെടുന്നു.
19. അംഗീകരിക്കാത്ത അപേക്ഷകളുടെ കാര്യത്തിൽ വേണ്ടത്ര ഫോളോ അപ്പുകൾ നടന്നിട്ടില്ല.
20. നിയമത്തിന്റെ അന്തസത്ത മനസ്സിലാക്കിയല്ല നടപ്പിലാക്കാൻ ശ്രമിച്ചത്; കുറച്ചുപേർക്ക് ഭൂമി കൊടുക്കാനുള്ള സാധ്യത മാത്രമായിട്ടേ ഈ നിയമത്തെ മിക്കവരും കണ്ടിട്ടുള്ളൂ.
21. കാട്ടുനായ്ക്കർക്കാണ് ആനുപാതികമായി വനാവകാശ നിയമത്തിന്റെ ആനുകൂല്യങ്ങൾ കൂടുതൽ ലഭിച്ചിട്ടുള്ളത്. പണിയ, കുറിച്യ, കുറുമ വിഭാഗങ്ങളിൽപ്പെട്ട പലർക്കും ഈ നിയമത്തിന്റെ അടിസ്ഥാനത്തിൽ ഭൂമി ലഭിച്ചിട്ടുണ്ട്.
22. വനത്തോട് ചേർന്നുള്ള ഊരുകളിൽ താമസിച്ചിരുന്ന പലർക്കും വീട് സ്ഥിതി ചെയ്യുന്ന സ്ഥലം മാത്രം അളന്ന് കൊടുത്തിരിക്കുന്നു.
23. ഒരു പ്രദേശത്തെ എല്ലാവർക്കും ഒരേക്കർ വീതം ഭൂമി അളന്നു നൽകിയത് വനാവകാശ നിയമത്തിന്റെ അന്തസത്തക്ക് ചേരുന്നതല്ല.
24. ആദിവാസികൾക്ക് യാതൊരു ബന്ധവുമില്ലാത്ത സ്ഥലത്താണ് വനാവകാശ നിയമത്തിന്റെ പേരിൽ പലർക്കും ഭൂമി ലഭിച്ചത്. അതുകൊണ്ട് അവർ അവിടെ താമസിക്കാൻ മടി കാണിക്കുന്നു.
25. വനത്തോട് ബന്ധപ്പെട്ടും അതിനെ ആശ്രയിച്ചും ജിവിച്ചുപോരുന്ന ആദിവാസികളുടെ ആചാര അനുഷ്ഠാനങ്ങൾ മനസ്സിലാക്കാതെ പുനരധിവാസ പ്രവർത്തനങ്ങൾക്കായി ഭൂമി നൽകുന്ന രീതി ആദിവാസി സൗഹൃദമല്ല.
26. അർഹതയുള്ള ഭൂമിയല്ല പലർക്കും ലഭിച്ചത്. തങ്ങൾക്കോ പൂർവ്വികർക്കോ യാതൊരു ബന്ധവുമില്ലാത്ത ഭൂമിയാണ് വനാവകാശ നിയമപ്രകാരം പലർക്കും ലഭിച്ചിട്ടുള്ളത്.
27. വ്യക്തിഗത അവകാശ പ്രകാരം ലഭിച്ച ഭൂമി ഭൂരിഭാഗം പേർക്കും പ്രയോജനകരമാണ്. പ്രത്യേകിച്ച് കൃഷി ചെയ്യുന്നതിന്. ചിലർക്ക് ലഭിച്ച ഭൂമി കൃഷിക്കനുയോജ്യമല്ല.
28. വനാവകാശ നിയമപ്രകാരം ലഭിച്ച ഭൂമി കൂടുതൽ കൃഷി യോഗ്യമാക്കാനുള്ള പദ്ധതികൾ കൃഷി വകുപ്പോ പട്ടിക വർഗ്ഗ വകുപ്പോ ആവിഷ്ക്കരിച്ചിട്ടില്ല.
29. ഭൂമി കണ്ടെത്തുന്നതിലോ നിശ്ചയിക്കുന്നതിലോ ആദിവാസി പങ്കാളിത്തം തീരെ കുറവായിരിന്നു.
30. ജില്ലയിൽ സമൂഹ വനാവകാശം നൽകിയത് വളരെ ചെറിയ അളവിലാണ്.
31. സമൂഹ വനാവകാശത്തിന്റെ പ്രയോജനം ജില്ലയിൽ വളരെ കുറച്ച് പേർക്കു മാത്രമേ ലഭിക്കുന്നുള്ളൂ.
32. വികസന പ്രവർത്തനങ്ങൾക്കായി പല വനഗ്രാമങ്ങളിലും സ്ഥലം മാറ്റി വെച്ചിട്ടില്ല. ചില ഊരുകളിൽ സ്ഥലം മാറ്റിവെച്ചിട്ടുണ്ടെങ്കിലും കാര്യമായി ഒന്നുംതന്നെ ചെയ്തിട്ടില്ല.
33. വികസനാവകാശ പ്രകാരം ആവശ്യ സേവനങ്ങളും സൗകര്യങ്ങളും ലഭ്യമാകാത്ത സ്ഥലങ്ങളിൽ താമസിക്കാൻ പലരും താൽപ്പര്യപ്പെടുന്നില്ല.
34. വന്യമൃഗ ശല്യം പരിഹരിക്കാൻ ഉചിതമായ മാർഗ്ഗങ്ങൾ ഇനിയും സജ്ജമാക്കിയിട്ടില്ല.

# <u>അദ്ധ്യായം – 5</u>

# ഫോക്കസ് ഗ്രൂപ്പ് ചർച്ചകൾ

### *6.1 2016 നവംബർ 15-പ്രാഥമിക കണ്ടെത്തലുകൾ സംബന്ധിച്ച ചർച്ച*

കൽപ്പറ്റ എം.ജി.റ്റി ഹാളിൽ നടന്ന ആദിവാസി നേതാക്കളും ആദിവാസികൾക്കുവേണ്ടി പ്രവർത്തിക്കുന്ന സന്നദ്ധ സംഘടനാ പ്രതിനിധികളും പങ്കെടുത്ത യോഗത്തിൽ പഠനത്തിന്റെ പ്രാഥമിക കണ്ടെത്തലുകൾ അവതരിപ്പിച്ചു. യോഗത്തിൽ പങ്കെടുത്തവരുടെ പ്രതികരണങ്ങൾ താഴെ പറയുന്നവയാണ്.

- ഒരേ ഊരിൽത്തന്നെ കുറച്ചു പേർക്ക് കൈവശ രേഖ ലഭിക്കുകയും ബാക്കിയുള്ളവർക്ക് ലഭിക്കാതിരിക്കുകയും ചെയ്യുന്ന സാഹചര്യമുണ്ട്.
- ലഭിച്ച ഭൂമിയിൽ പലരും സ്വന്തമായി കൃഷി ചെയ്യാതെ പാട്ടത്തിന് കൊടുക്കുന്നു.
- 2007-08 കാലഘട്ടത്തിൽ ബോധവത്ക്കരണ ക്ലാസ്സുകൾ നൽകിയെങ്കിലും തുടർപ്രവർത്തനങ്ങൾ നടത്തിയിട്ടില്ല
- അപേക്ഷ എവിടെ കൊടുക്കണമെന്നതുപോലെയുള്ള അടിസ്ഥാന വിവരങ്ങൾ പോലും ആദിവാസികൾക്ക് അറിയില്ല.
- കൈവശ രേഖയുണ്ടെങ്കിലും സ്ഥലം എത്രയുണ്ടെന്ന് ആദിവാസികൾക്ക് അറിയില്ല
- അർഹതപ്പെട്ട അത്രയും സ്ഥലം ലഭിക്കാത്ത നിരവധി പേർ ജില്ലയിലുണ്ട്
- വനാവകാശ നിയമപ്രകാരം ലഭിച്ച സ്ഥലത്ത് അടിസ്ഥാന സൗകര്യങ്ങൾ ഇല്ല. (കുടിവെള്ളം, വൈദ്യുതി, മുതലായവ)
- ജില്ലാ തലത്തിൽ വനാവകാശ കോ-ഓർഡിനേഷൻ കമ്മറ്റി രൂപീകരിക്കണം
- ഉദ്യോഗസ്ഥർക്ക് വനാവകാശ നിയമത്തെപ്പറ്റി ശരിയായ അറിവില്ല
- ഫോറസ്റ്റ് അധികൃതർ വിറകെടുക്കാൻ പോകുന്ന ആദിവാസികളെ കള്ളക്കേസിൽ കുടുക്കുന്നു.

- വനാവകാശം ലഭിക്കുന്നതിന് ഫോറസ്റ്റ് അധികൃതർ തടസ്സം നിൽക്കുന്നു.
- വനാവകാശം ഉന്നയിക്കുന്ന ആദിവാസികളെ ഫോറസ്റ്റ് അധികൃതർ പലപ്പോഴും ഭീഷണിപ്പെടുത്തുന്നു
- വീടിന് മുകളിലേക്ക് ഭീഷണിയായി നിൽക്കുന്ന മരങ്ങൾ മുറിക്കാൻ പോലും ഫോറസ്റ്റ് ഉദ്യോഗസ്ഥർ സമ്മതിക്കുന്നില്ല
- വനാവകാശ നിയമപ്രകാരം ലഭിച്ച ഭൂമിയുടെ അളവ് വളരെ കുറവ്
- സമർപ്പിച്ച തെളിവുകൾ അംഗീകരിക്കാൻ ഉദ്യോഗസ്ഥർ പലപ്പോഴും തയ്യാറായില്ല
- സമൂഹ വനാവകാശം ലഭ്യമാക്കുന്നതിനു വേണ്ടി വനപ്രദേശങ്ങളുടെ മാപ്പിംഗ് പല സ്ഥലങ്ങളിലും നടത്തിയിട്ടില്ല
- വനവിഭവങ്ങൾ ശേഖരിച്ച് മൂല്യ വർദ്ധിത ഉൽപ്പന്നങ്ങളാക്കി വിൽക്കുന്നത് സംബന്ധിച്ച അവബോധം ആദിവാസികളിൽ ഉണ്ടാക്കുകയും വിൽക്കാനാവശ്യമായ മാർക്കറ്റിംഗ് സൗകര്യം ഒരുക്കുകയും ചെയ്യുക
- വനാവകാശ കമ്മറ്റികൾ ഉണ്ടെങ്കിലും പ്രവർത്തിക്കാത്ത അവസ്ഥ
- വനാവകാശ നിയമപ്രകാരം ലഭിച്ച ഭൂമി രാഷ്ട്രീയക്കാരുടെ സ്വാധീനം വഴി കൈയ്യേറുന്ന സാഹചര്യം ചില സ്ഥലങ്ങളിലുണ്ട്.

### *6.2 2017 മാർച്ച് 14-ഗവേഷണ പഠന കണ്ടെത്തലുകൾ സംബന്ധിച്ച ചർച്ച*

2017 മാർച്ച് 14-ാം തിയ്യതി ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, പട്ടിക വർഗ്ഗ മെമ്പർമാർ, പട്ടിക വർഗ്ഗ-ഫോറസ്റ്റ് വകുപ്പുകളിലെ ഉദ്യോഗസ്ഥർ, പ്രൊമോട്ടർമാർ, കമ്മിറ്റഡ് സോഷ്യൽ വർക്കർമാർ, ആദിവാസി നേതാക്കൾ എന്നിവരുടെ മുമ്പാകെ പഠനത്തിന്റെ കണ്ടെത്തലുകൾ അവതരിപ്പിക്കുകയും വിശദമായ ചർച്ചകൾ നടത്തുകയും ചെയ്തു. യോഗത്തിൽ പങ്കെടുത്തവരുടെ അഭിപ്രായങ്ങൾ പ്രധാനമായും താഴെ പറയുന്നവയാണ്.

- വനാവകാശ നിയമം നടപ്പിലാക്കാൻ ചുമതലപ്പെട്ട ഉദ്യോഗസ്ഥർക്കും ജനപ്രതിനിധികൾക്കും നിയമം സംബന്ധിച്ച ശരിയായ അവബോധം നൽകുന്നതിനു വേണ്ടി പരിശീലന പരിപാടികൾ സംഘടിപ്പിക്കുക
- ആദിവാസി സമൂഹത്തിന് ഈ നിയമം സംബന്ധിച്ച അവബോധം നൽകുന്നതിനായി ഊരുകൾ കേന്ദ്രീകരിച്ച് ബോധവത്ക്കരണ പരിപാടികൾ സംഘടിപ്പിക്കുക
- ബോധവത്ക്കരണ പരിപാടികൾക്കാവശ്യമായ ഫണ്ട് പട്ടിക വർഗ്ഗ വകുപ്പിൽ ലഭ്യമാണെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സൂചിപ്പിച്ചു.
- നിയമം സംബന്ധിച്ച പ്രവർത്തനങ്ങൾ വിലയിരുത്താൻ ജില്ലാ തലത്തിലും പഞ്ചായത്തു തലത്തിലും മോണിറ്ററിംഗ് കമ്മറ്റികൾ രൂപീകരിക്കുകയും തുടർച്ചയായ യോഗങ്ങൾ ചേരുകയും ചെയ്യുക.

- വനാവകാശ നിയമം നടപ്പിലാക്കാൻ ബന്ധപ്പെട്ട വിവിധ തലങ്ങളിലുള്ള കമ്മറ്റികൾ നിർജ്ജീവമായ അവസ്ഥയിലാണ്. കമ്മറ്റികൾ സജീവമാക്കാനും ആവശ്യമെങ്കിൽ പുന:സംഘടിപ്പിക്കാനും നടപടികൾ ആവശ്യമുണ്ട്.
- ജില്ലാ തലത്തിൽ ഈ നിയമം സംബന്ധിച്ച കാര്യങ്ങൾ ചർച്ച ചെയ്യാൻ ആദിവാസി നേതാക്കളുടെയും ഉദ്യോഗസ്ഥരുടെയും യോഗം ഇടക്കിടക്ക് ചേരുക.
- വനാവകാശ നിയമപ്രകാരം ലഭിച്ച ഭൂമിയിൽ നിർമ്മാണ പ്രവർത്തനങ്ങൾ നട ത്തുന്നതിന് നിലവിലുള്ള തടസ്സങ്ങൾ നീക്കാൻ ആവശ്യമായ നിർദ്ദേശങ്ങൾ ഗവൺമെന്റിന് സമർപ്പിക്കണം.
- വനാവകാശ നിയമപ്രകാരം ലഭിച്ച ഭൂമിയിൽ കൃഷി ചെയ്യാൻ കൃഷി വകുപ്പ് പ്രത്യേക പദ്ധതികൾ ആവിഷ്ക്കരിക്കുക.
- വന്യജീവി സങ്കേതങ്ങളിൽ നിന്ന് ആദിവാസികളെ മാറ്റിപ്പാർപ്പിക്കാതെ നിലവിൽ താമ സിക്കുന്ന സ്ഥലങ്ങളിൽ ആവശ്യമായ വികസന സംവിധാനങ്ങൾ ഒരുക്കുക.
- വനാവകാശ നിയമപ്രകാരം ഇനിയും അർഹതപ്പെട്ടവർക്ക് ഭൂമി നൽകുക.
- വനാവകാശ നിയമം നടപ്പിലാക്കുന്നതിൽ പഞ്ചായത്ത് വകുപ്പിന്റെ പങ്കാളിത്തം കൂടു തൽ സജീവമാക്കുക.
- വനാവകാശ നിയമപ്രകാരം ഭൂമി ലഭിച്ച ആളുകളുടെ ഇപ്പോഴത്തെ അവസ്ഥ വിലയി രുത്തുക.
- ജില്ലയിൽ നിയമം നടപ്പിലാക്കാൻ ചുമതലപ്പെട്ട ഉദ്യോഗസ്ഥർക്ക് കൂടെ കൂടെ സ്ഥലം മാറ്റമുണ്ടാകുന്നതുകൊണ്ട് നടപടികൾ സമയബന്ധിതമായി പൂർത്തിയാകുന്നില്ല.
- വനാവകാശ ചട്ടങ്ങൾ അനുസരിച്ചുള്ള നടപടിക്രമങ്ങൾ ജില്ലയിൽ പാലിക്കുന്നതായി തോന്നുന്നില്ല.
- വനാവകാശ നിയമം നടപ്പിലാക്കുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിനു വേണ്ടി ബന്ധപ്പെട്ട സ്ഥലങ്ങളിൽ പ്രത്യേക ഊരുകൂട്ടം വിളിച്ചു ചേർക്കുക.
- വനവിഭവങ്ങൾ ശേഖരിക്കുന്നതിനും വിൽക്കുന്നതിനുമുള്ള വനാവകാശ കമ്മറ്റി യുടെ നിയമപ്രകാരമുള്ള അധികാരം നിഷേധിക്കുന്ന അനുഭവങ്ങൾ ജില്ലയിൽ പല യിടങ്ങളിലുമുണ്ട്.
- നിയമം നടപ്പിലാക്കുന്നതിനുള്ള നടപടിക്രമങ്ങൾ ലളിതമാക്കണം

## അദ്ധ്യായം - 6

## ശുപാർശകൾ

ഗവേഷണ പഠനത്തിന്റെയും വിവിധ തലങ്ങളിൽ നടത്തിയ ചർച്ചകളുടെയും അനുഭവങ്ങളുടെയും അടിസ്ഥാനത്തിൽ വനാവകാശ നിയമം ഫലപ്രദമായി നടപ്പിലാക്കുന്നതിനുവേണ്ടി ബന്ധപ്പെട്ടവരുടെ പരിഗണനക്കായി താഴെ പറയുന്ന ശുപാർശകൾ സമർപ്പിക്കുന്നു.

1. ഊരുതലത്തിൽ വനാവകാശ നിയമം സംബന്ധിച്ച് ബോധവത്ക്കരണ പരിപാടികൾ സംഘടിപ്പിക്കുക. ഇതിനായി പട്ടിക വർഗ്ഗ വകുപ്പിലെ ഉദ്യോഗസ്ഥർക്കും ട്രൈബൽ പ്രൊമോട്ടർമാർക്കും പ്രത്യേക പരിശീലനം കൊടുത്ത് ആദിവാസികളുടെ തനതു ഭാഷയിൽ വനാവകാശ നിയമവും ചട്ടങ്ങളും സംബന്ധിച്ച ക്ലാസ്സുകൾ നൽകാൻ പട്ടിക വർഗ്ഗ വകുപ്പ് തയ്യാറാകുക. ഇക്കാര്യത്തിൽ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ആദിവാസി സംഘടനകളുടെയും സന്നദ്ധ സംഘടനകളുടെയും പങ്കാളിത്തം ഉറപ്പുവരുത്തുകയും ചെയ്യുക.
2. ഓരോ ഊരിലും ബോധവത്ക്കരണ പരിപാടികൾ സംഘടിപ്പിച്ചതിനുശേഷം വനാവകാശ കമ്മറ്റി സജീവമാക്കുകയോ ആവശ്യമെങ്കിൽ പുനഃസംഘടിപ്പിക്കുകയോ ചെയ്യുക.
3. വനാവകാശ കമ്മറ്റി മുമ്പാകെ ഇനിയും അർഹതപ്പെട്ടവർക്ക് അപേക്ഷകൾ നൽകാൻ അവസരമൊരുക്കണം. ഇക്കാര്യത്തിൽ ആദിവാസികളെ ട്രൈബൽ പ്രൊമോട്ടർമാർ സഹായിക്കണം. സമർപ്പിക്കുന്ന അപേക്ഷകൾ സമയബന്ധിതമായി പരിഗണിച്ച് മേൽക്കമ്മറ്റികളിലേക്ക് അയക്കുക.
4. ജില്ലയിലെ സബ് ഡിവിഷണൽ കമ്മറ്റിയും ജില്ലാ തല കമ്മറ്റിയും വേണ്ടത്ര സജീവമായി പ്രവർത്തിക്കുന്നില്ല എന്ന കണ്ടെത്തലിന്റെ അടിസ്ഥാനത്തിൽ അവ ഊർജ്ജസ്വലമായി പ്രവർത്തിക്കാൻ അടിയന്തര നടപടികൾ എടുക്കുക. ഒന്നര വർഷത്തിലധികമായി വനാവകാശ ജില്ലാതല കമ്മറ്റി ചേരാത്തതുകൊണ്ടുമാത്രം പലർക്കും ലഭിക്കേണ്ട വനാവകാശം നിഷേധിക്കപ്പെടുന്ന കാര്യം ജില്ലാ ഭരണകൂടം ഗൗരവമായി എടുക്കുക.
5. വനാവകാശ അപേക്ഷകൾ സമർപ്പിച്ചവരിൽ കൈവശരേഖ ലഭിക്കാത്തവർക്ക് അവരുടെ അപേക്ഷയുടെ നിജസ്ഥിതി എന്താണെന്ന് രേഖാ മൂലം അറിയിപ്പ് നൽകുക. ആവശ്യമെങ്കിൽ ഊരുതല വനാവകാശ കമ്മറ്റിയിലേക്ക് തിരിച്ചയച്ച് പുനഃപരിശോധിക്കാൻ ആവശ്യപ്പെടുക.
6. തങ്ങൾക്ക് അർഹതപ്പെട്ട ഭൂമി ലഭിച്ചില്ല എന്ന് പരാതിയുള്ളവരുടെ അപേക്ഷകൾ പുനഃപരിശോധിക്കുകയും റീസർവ്വെ നടത്തി അവർക്ക് അവകാശപ്പെട്ട ഭൂമി നൽകാൻ നടപടിയെടുക്കുകയും ചെയ്യുക.

7. കൈവശരേഖ ലഭിച്ചിട്ടും ഭൂമി കണ്ടെത്താത്തവരെയും കൈവശത്തിലുള്ള ഭൂമിക്ക് രേഖ ലഭിക്കാത്തവരെയും തങ്ങൾക്ക് അവകാശപ്പെട്ടതെന്ന് പറഞ്ഞ് രേഖ നൽകി യെങ്കിലും അത് കൈവശപ്പെടുത്താൻ മറ്റുള്ളവർ അനുവദിക്കാത്ത ആളുകളെയും വിളിച്ചുചേർത്ത് അവരുടെ പ്രശ്നങ്ങൾ സമയബന്ധിതമായി പരിഹരിക്കാൻ വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥരുടെ ഒരു ടാസ്ക്ക് ഫോഴ്സ് രൂപീകരിച്ച് നട പടി ഉറപ്പുവരുത്തുക.
8. സമൂഹ വനാവകാശ നിയമപ്രകാരം ആദിവാസി സമൂഹത്തിന് നൽകിയിരിക്കുന്ന വനമേഖലയുടെ അതിർത്തി പുനർനിർണ്ണയിക്കുകയും കൂടുതൽ ഊരുകൾക്ക് സമൂഹ വനാവകാശം നൽകാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്യുക.
9. വന അതിർത്തിക്കുള്ളിൽ താമസിക്കുന്ന ആദിവാസി സമൂഹത്തിന് അനിവാര്യ മായ വികസനം ലഭിക്കുന്നു എന്ന് ഉറപ്പുവരുത്താൻ ഉദ്യോഗസ്ഥരുടെയും ആദി വാസി നേതാക്കളുടെയും സംയുക്ത സമിതിക്ക് രൂപം നൽകുക. വികസന പ്ര വർത്തനങ്ങൾക്ക് തടസ്സം നിൽക്കുന്ന കാര്യങ്ങൾ കണ്ടെത്തി സർക്കാരിന്റെ പരിഗ ണനക്ക് സമർപ്പിക്കുകയും ഭേദഗതികൾ നിർദ്ദേശിക്കുകയും ചെയ്യുക.
10. വനാവകാശ നിയമം ജില്ലയിൽ നടപ്പിലാക്കുന്നത് സൂക്ഷ്മമായി നിരീക്ഷിക്കുന്ന തിനു വേണ്ടി ജില്ലാ-ബ്ലോക്ക് തലങ്ങളിൽ മോണിറ്ററിംഗ് കമ്മറ്റികൾ രൂപീകരിക്കു കയും മൂന്ന് മാസത്തിലൊരിക്കലെങ്കിലും യോഗങ്ങൾ ചേർന്ന് നിർദ്ദേശങ്ങൾ ബന്ധപ്പെട്ടവർക്ക് സമർപ്പിക്കുകയും ചെയ്യുക. ഇപ്രകാരം രൂപീകരിക്കുന്ന മോണിറ്റ റിംഗ് കമ്മറ്റിയിൽ ആദിവാസി സംഘടനകളുടെയും ആദിവാസി മേഖലയിൽ പ്രവർത്തിക്കുന്ന സന്നദ്ധ സംഘടനകളുടെയും പ്രതിനിധികളെ നിർബന്ധമായും ഉൾപ്പെടുത്തുക.
11. ചെറുകിട വനോത്പ്പന്നങ്ങളുടെ ശേഖരണവും വിൽപ്പനയും പൂർണ്ണമായും വനാവ കാശ കമ്മറ്റികളുടെ ചുമതലയിലാക്കുകയും മൂല്യ വർദ്ധിത ഉത്പ്പന്നങ്ങളാക്കി വിൽപ്പന നടത്താൻ അനുയോജ്യമായ മാർക്കറ്റിംഗ് സംവിധാനത്തിന് ജില്ലാ ഭരണ കൂടം അവസരമൊരുക്കുകയും ചെയ്യുക.
12. വനാവകാശ ഭൂമിക്ക് അനുയോജ്യമായ കൃഷി രീതികൾ വികസിപ്പിക്കുകയും ആവശ്യമായ ഫണ്ടും മറ്റ് സഹായങ്ങളും നൽകാൻ കൃഷി വകുപ്പിന് നിർദ്ദേശം നൽകുകയും ചെയ്യുക.
13. വനാവകാശ നിയമപ്രകാരം ലഭിച്ച ഭൂമിയിൽ കൃഷി ചെയ്യുന്നതിനും താമസിക്കുന്ന തിനും വന്യമൃഗങ്ങളുടെ ഉപദ്രവം ഭീഷണിയായിരിക്കുന്ന സ്ഥലങ്ങളിൽ ഉചിത മായ പരിഹാര മാർഗ്ഗങ്ങൾ കണ്ടെത്തി നടപ്പിലാക്കുക.
14. വനാവകാശ നിയമം ജില്ലയിൽ നടപ്പിലാക്കിയത് സംബന്ധിച്ചും വനാവകാശം ലഭി ച്ചവർക്ക് ഉണ്ടായ പ്രയോജനം സംബന്ധിച്ചും വസ്തുനിഷ്ഠമായ വിലയിരുത്തൽ നടത്താൻ യോഗ്യതയുള്ള ഒരു ഏജൻസിയെ ചുമതലപ്പെടുത്തുക.
15. വനഗ്രാമങ്ങളിൽ താമസിക്കുന്നവർക്ക് വന്യമൃഗങ്ങളിൽ നിന്നും സംരക്ഷണം ലഭി ക്കുന്നതിനായി പദ്ധതികൾ ആവിഷ്ക്കരിക്കുക.

# ഉപസംഹാരം

ലോക ആദിവാസി ജനസംഖ്യയിൽ നാലിലൊന്ന് പേർ ഇന്ത്യയിലാണ്. കേരളത്തിലെ 4 ലക്ഷത്തോളം ആദിവാസികളിൽ മൂന്നിലൊന്നിൽ കൂടുതൽ പേർ വയനാട്ടിലാണ്. വനാവകാശ നിയമത്തിന്റെ അടിസ്ഥാനം അന്തസ്സോടും സമത്വത്തോടും കൂടി ജീവിക്കാനുള്ള അവകാശമാണ്. ആദിവാസി സമൂഹത്തെ വളരെ കാര്യമായി ബാധിക്കുന്ന വനാവകാശ നിയമം ഗൗരവമുള്ള വിഷയമായി രാഷ്ട്രീയ പാർട്ടികൾ നാളിതുവരെ എടുത്തിട്ടില്ല. വനാവകാശ നിയമം നടപ്പിലാക്കുന്നതിൽ കേരളത്തിൽ വലിയ വീഴ്ച സംഭവിച്ചിട്ടുണ്ട്. ഈ നിയമം നടപ്പിലാക്കുന്നതിൽ ഗ്രാമസഭക്കും പ്രത്യേകിച്ച് ഊരുകൂട്ടങ്ങൾക്കുമുള്ള അധികാരത്തെപ്പറ്റി ജനങ്ങൾക്ക് വേണ്ടത്ര ധാരണയില്ല. ചരിത്രപരമായി ആദിവാസി സമൂഹത്തോട് ചെയ്ത അനീതിക്ക് പരിഹാരം ചെയ്യുവാനായിട്ടാണ് വനാവകാശ നിയമം പാസ്സാക്കുന്നത് എന്നാണ് നിയമത്തിന്റെ ആമുഖത്തിൽ തന്നെ പറയുന്നത്. എന്നാൽ ഈ നിയമം നടപ്പിലാക്കുന്നതിൽ നീതി പുലർത്താൻ നമുക്ക് കഴിഞ്ഞിട്ടില്ല.

വനാവകാശ നിയമം വയനാട് ജില്ലയിൽ നടപ്പിലാക്കിയത് സംബന്ധിച്ച് നടത്തിയ ഈ ഗവേഷണ പഠനത്തിലെ കണ്ടെത്തലുകൾ കേരളത്തിലെ എല്ലാ ജില്ലകൾക്കും ഏറെക്കുറെ ഒരുപോലെ ബാധകമാണ്. ആദിവാസി സമൂഹത്തിന് വേണ്ടി നിലപാടെക്കുന്നവർ ഈ പഠനവും ശുപാർശകളും ഗൗരവത്തിലെടുക്കുമെന്നാണ് ഞങ്ങളുടെ പ്രതീക്ഷ.

ആദിവാസി സമൂഹത്തിലും പൊതുസമൂഹത്തിലും പ്രത്യേകിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കും ശരിയായ അവബോധം നൽകുകയും രാഷ്ട്രീയ ഇച്ഛാശക്തിയോടെ തീരുമാനങ്ങളെടുത്ത് നിയമം നടപ്പിലാക്കാൻ ശ്രമിക്കുകയും ചെയ്താൽ കേരളത്തിലെ ഏറ്റവും കൂടുതൽ പാർശ്വവത്ക്കരിക്കപ്പെട്ട ജനവിഭാഗങ്ങളോട് പക്ഷം ചേർന്ന് നീതിക്കുവേണ്ടിയുള്ള അവരുടെ പ്രയാണത്തിൽ സുപ്രധാനമായ പങ്കുവഹിക്കാൻ നമുക്കു കഴിയും.

## ചോദ്യാവലി-1

## വയനാട് ജില്ലയിൽ വനാവകാശ നിയമം നടപ്പിലാക്കിയത് സംബന്ധിച്ച സർവ്വെ (ഊരുനിവാസികൾ)

ഊര്:..........................................................................സമുദായം :..........................................................................

കുടുംബ നാഥന്റെ പേര് :...................................... കുടുംബ നാഥയുടെ പേര് :...................................

1. വനാവകാശ നിയമത്തെക്കുറിച്ച് നിങ്ങൾക്കറിവുണ്ടോ?
   (1) വളരെ കുറച്ച് (2) കുറച്ച് (3) നല്ലതുപോലെ
2. വനാവകാശത്തെക്കുറിച്ച് നിങ്ങൾ അറിഞ്ഞത് ആരിൽ നിന്നാണ്?
   (1) ട്രൈബൽ ഉദ്യോഗസ്ഥർ (2) പ്രൊമോട്ടർ (3) ഫോറസ്റ്റ് ഉദ്യോഗസ്ഥർ
   (4) ജനപ്രതിനിധികൾ (5) സാമൂഹ്യപ്രവർത്തകർ (6) ............................
3. നിങ്ങളുടെ ഊരിൽ വനാവകാശ കമ്മറ്റി രൂപീകരിച്ചിട്ടുണ്ടോ?
   (1) ഉണ്ട് (2) ഇല്ല (3) അറിയില്ല
4. ഉണ്ടെങ്കിൽ, ഊരുകൂട്ടയോഗത്തിൽ നിന്നാണോ കമ്മറ്റി രൂപീകരിച്ചത്?
   (1) അതെ (2) അല്ല (3) അറിയില്ല
5. അതെയെങ്കിൽ, പ്രസ്തുത ഊരുകൂട്ടത്തിൽ നിങ്ങൾ പങ്കെടുത്തിരുന്നോ?
   (1) ഉണ്ട് (2) ഇല്ല
6. വ്യക്തിഗത വനാവകാശത്തിന് അപേക്ഷ സമർപ്പിച്ചിരുന്നോ?
   (1) ഉണ്ട് (2) ഇല്ല
7. ഉണ്ടെങ്കിൽ, അപേക്ഷ നൽകിയതാർക്കാണ്?
   (1) വനാവകാശ കമ്മറ്റിക്ക് (2) പ്രൊമോട്ടർക്ക് (3) ..............................
8. അപേക്ഷയോടൊപ്പം എന്തെല്ലാം തെളിവുകളാണ് നൽകിയത്?

9. അപേക്ഷ അംഗീകരിച്ചോ? (1) അംഗീകരിച്ചു (2) അംഗീകരിച്ചില്ല (3) അറിയില്ല
10. അപേക്ഷ അംഗീകരിച്ചില്ലെങ്കിൽ, ഏത് കമ്മറ്റി?
    (1) വനാവകാശ കമ്മറ്റി (2) സബ്ഡിവിഷണൽ കമ്മറ്റി (3) ജില്ലാ കമ്മറ്റി (4) അറിയില്ല
11. അപേക്ഷ അംഗീകരിച്ചില്ലെങ്കിൽ, കാരണം?

12. അപേക്ഷ അംഗീകരിച്ചെങ്കിൽ, കൈവശ രേഖ ലഭിച്ചോ? (1) ലഭിച്ചു (2) ലഭിച്ചില്ല
13. ലഭിച്ചെങ്കിൽ, രേഖ പ്രകാരമുള്ള ഭൂമി ലഭിച്ചോ? (1) ലഭിച്ചു (2) ലഭിച്ചില്ല
14. ലഭിച്ച ഭൂമിയുടെ അളവ്? ..................................................
15. നിങ്ങൾക്ക് അർഹതപ്പെട്ട അത്രയും ഭൂമി ലഭിച്ചോ? (1) ലഭിച്ചു (2) ലഭിച്ചില്ല (3) അറിയില്ല
16. നിങ്ങൾക്ക് അർഹതപ്പെട്ട ഭൂമി തന്നെയാണോ ലഭിച്ചത്? (1) അതെ (2) അല്ല
17. അല്ലെങ്കിൽ, കാരണം വിശദീകരിക്കുക?

18. ലഭിച്ച ഭൂമികൊണ്ട് പ്രയോജനം ഉണ്ടായിട്ടുണ്ടോ? (1) ഉണ്ട് (2) ഇല്ല
19. ഉണ്ടെങ്കിൽ, എന്തെല്ലാം?

20. പ്രയോജനം ഇല്ലെങ്കിൽ, കാരണം?

21. അപേക്ഷ അംഗീകരിച്ചിട്ടും ഭൂമി ലഭിച്ചില്ലെങ്കിൽ, കാരണം?

22. സമൂഹ വനാവകാശത്തിന്റെ പ്രയോജനം നിങ്ങൾക്ക് ലഭിക്കുന്നുണ്ടോ?

(1)ഉണ്ട് (2) ഇല്ല (3) ബാധകമല്ല

23. വനാവകാശം ലഭിക്കാൻ നേരിടേണ്ടിവന്ന ബുദ്ധിമുട്ടുകൾ

24. അർഹതയുണ്ടായിട്ടും വനാവകാശം ലഭിക്കാത്ത മറ്റ് ആളുകൾ (പേരും, ഊരും)

25. വനാവകാശ നിയമം ഫലപ്രദമായി നടപ്പിലാക്കുന്നതിനുള്ള നിങ്ങളുടെ നിർദ്ദേശങ്ങൾ

## ചോദ്യാവലി-2

# വയനാട് ജില്ലയിൽ വനാവകാശ നിയമം നടപ്പിലാക്കിയത് സംബന്ധിച്ച് വനാവകാശ കമ്മിറ്റി അംഗങ്ങളിൽ നിന്നുള്ള വിവരശേഖരണം

വനാവകാശ കമ്മറ്റി (ഊര്) : ..........................................................................................................................................

1. ഈ കമ്മിറ്റി രൂപീകരിച്ചത് പ്രത്യേക വനാവകാശ ഊരുകൂട്ടത്തിൽ നിന്നാണോ?
2. പ്രസ്തുത ഊരുകൂട്ടത്തിൽ നിങ്ങൾ പങ്കെടുത്തിരുന്നോ?
3. കമ്മറ്റിയിൽ ലഭിച്ച വ്യക്തിഗത അപേക്ഷകൾ :
4. അപേക്ഷകളോടൊപ്പം തെളിവുകൾ ലഭിച്ചിരുന്നോ?
5. എന്തൊക്കെ തെളിവുകളാണ് പരിഗണിച്ചിരുന്നത്?
6. അപേക്ഷകൾ നിരസിച്ചിട്ടുണ്ടെങ്കിൽ, കാരണങ്ങൾ ?
7. കമ്മറ്റി അംഗീകരിച്ച അപേക്ഷകൾ :
8. അംഗീകരിച്ച അപേക്ഷകളിൽ കൈവശ രേഖകൾ ലഭിച്ചവർ :
9. രേഖകൾ പ്രകാരം ബന്ധപ്പെട്ടവർക്ക് ഭൂമി ലഭിച്ചിട്ടുണ്ടോ?
10. ലഭിച്ച ഭൂമികൊണ്ട് കുടുംബങ്ങൾക്കുണ്ടായ പ്രയോജനങ്ങൾ?
11. ലഭിച്ച ഭൂമികൊണ്ട് പ്രയോജനമില്ലെങ്കിൽ, കാരണം?
12. രേഖകൾ പ്രകാരം ഭൂമി ലഭിച്ചില്ലെങ്കിൽ, കാരണം?
13. താങ്കളുൾപ്പെടുന്ന വനാവകാശ കമ്മറ്റിയുടെ അധികാര പരിധിയിലുള്ള അർഹതപ്പെട്ട എല്ലാവർക്കും വനാവകാശം ലഭ്യമാക്കാൻ സാധിച്ചിട്ടുണ്ടോ?
14. സാധിച്ചിട്ടില്ലെങ്കിൽ, കാരണം?
15. വനാവകാശ നിയമപ്രകാരം ഭൂമി ലഭിക്കാൻ ഇനിയും അർഹതയുള്ള ആളുകൾ ഉണ്ടോ? (പേര്, ഊര്)
16. സാമൂഹിക വനാവകാശ അപേക്ഷ കമ്മറ്റി പരിഗണിച്ചിട്ടുണ്ടോ?
17. അപേക്ഷയോടൊപ്പം പരിഗണിച്ച തെളിവുകൾ
18. കമ്മറ്റി അംഗീകരിച്ച അപേക്ഷകൾ : ..............................................
19. സ്കെച്ച് തയ്യാറാക്കിയിരുന്നോ?
20. ആരുടെ സഹായത്തോടെയാണ് സ്കെച്ച് തയ്യാറാക്കിയത്?
21. സാമൂഹിക വനാവകാശ രേഖകൾ ലഭിച്ചിട്ടുണ്ടോ?
22. രേഖപ്രകാരമുള്ള സ്ഥലത്തിന്റെ അളവ് : ..............................................
23. സാമൂഹിക വനാവകാശ പ്രകാരം ലഭിക്കാൻ അർഹതയുള്ളത്ര സ്ഥലം ലഭിച്ചോ?
24. സാമൂഹിക വനാവകാശ രേഖപ്രകാരം ലഭ്യമാക്കിയ ഭൂമിയുടെ പ്രയോജനം ലഭിക്കുന്ന കുടുംബങ്ങൾ : ..........................................
25. സാമൂഹിക വനാവകാശം ലഭിക്കാൻ ഇനിയും അർഹതയുള്ള ഊരുകൾ ഉണ്ടോ? (ഊര്)

26. വികസനാവകാശത്തിനുവേണ്ടി സ്ഥലം നീക്കിവെച്ചിട്ടുണ്ടോ? എത്ര സ്ഥലം? എന്തിനുവേണ്ടി?

27. പ്രസ്തുത സ്ഥലത്ത് നിലവിൽ എന്തെങ്കിലും വികസന പ്രവർത്തനങ്ങൾ ചെയ്തിട്ടുണ്ടോ? എന്ത്?

28. നിങ്ങളുടെ ഊരിൽ വനാവകാശം ലഭ്യമാക്കുന്നതിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ സമീപനം

1. പട്ടികവർഗ്ഗ വകുപ്പ് (കംഉജ/ംഉഛഛ/ംഋഛഛ) :
2. ഫോറസ്റ്റ് വകുപ്പ് :
3. റവന്യു വകുപ്പ് :
4. പഞ്ചായത്ത് :
5. ട്രൈബൽ പ്രൊമോട്ടർ :

29. വനാവകാശം ലഭ്യമാക്കുന്നതിൽ നേരിടേണ്ടിവന്ന ബുദ്ധിമുട്ടുകൾ

30. ജില്ലയിൽ വനാവകാശ നിയമം ഫലപ്രദമായി നടപ്പിലാക്കുന്നതിനുള്ള നിങ്ങളുടെ നിർദ്ദേശങ്ങൾ